## അനൗദ്യോഗികാംഗങ്ങളുടെ കാര്യം

**റിപ്പോർട്ട് പരിഗണന**

ശ്രീ. ടി. എൻ. പ്രതാപൻ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഒമ്പതാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഒമ്പതാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

(പ്രമേയങ്ങൾ)

(i) 2012-ലെ കേരള എൻഡോസൾഫാൻ കീടനാശിനി ദുരിത ബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ലഭ്യമാക്കുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബിൽ

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, 2012-ലെ കേരള എൻഡോസൾഫാൻ കീടനാശിനി ദുരിത ബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ലഭ്യമാക്കുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

(i) 2012-ലെ കേരള എൻഡോസൾഫാൻ കീടനാശിനി ദുരിത ബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ലഭ്യമാക്കുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബിൽ

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : സർ, എൻഡോസൾഫാൻ ദുരിത ബാധിതർക്ക് ഏറ്റവും വലിയ ആശ്വാസനടപടികളുമായാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. അതുപോലെതന്നെ കേന്ദ്രഗവൺമെന്റും ഒരുപാട് സഹായങ്ങൾ നൽകിക്കൊണ്ട് ദുരിതബാധിതരെ സഹായിക്കാൻ നടപടികൾ ആരംഭിക്കുകയാണ്. എൻഡോസൾഫാൻ ദുരിതബാധിതർക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന വിവിധ ക്ഷേമപരിപാടികൾ നടത്തിവരുന്നുണ്ട്. എൻഡോസൾഫാൻ വിഷബാധമൂലം തൊഴിലെടുക്കാൻ കഴിയാതെ വീട്ടിൽ കഴിയുന്നവർക്ക് പ്രതിമാസം 2000 രൂപ വീതവും രോഗികളായ മറ്റുള്ളവർക്ക് പ്രതിമാസം 1000 രൂപ വീതവും ധനസഹായം അനുവദിച്ചുവരുന്നുണ്ട്. അതുപോലെ ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് പ്രത്യേക വിദ്യാഭ്യാസ സഹായമായി ഏഴാംക്ലാസ് വരെയുള്ള കുട്ടികൾക്ക് 2000 രൂപ വീതവും എട്ട്, ഒമ്പത്, പത്ത് ക്ലാസ്സുകളിലെ കുട്ടികൾക്ക് 3000 രൂപ വീതവും പതിനൊന്ന്, പന്ത്രണ്ട് ക്ലാസ്സുകളിലെ കുട്ടികൾക്ക് 4000 രൂപ വീതവും ഒറ്റത്തവണ ധനസഹായം 2011-12 അധ്യയന വർഷം മുതൽ നൽകിവരുന്നു. കൂടാതെ എൻഡോസൾഫാൻ ദുരിബാധിത പ്രദേശങ്ങളിൽ സമഗ്ര സാമൂഹ്യ സാമ്പത്തിക സർവ്വേ നടത്തുന്നതിന് ഉദ്ദേശിക്കുന്നു. ദേശീയ മനുഷ്യാവകാശ കമ്മീഷൻ എൻഡോസൾഫാൻ ദുരിതബാധിതർക്കുവേണ്ടി നൽകിയ ശുപാർശകൾ അടുത്ത കാലത്ത് ആരോഗ്യകുടുംബക്ഷേമ വകുപ്പിൽ അംഗീകരിക്കുകയും കൂടാതെ ഇത്തരത്തിലുള്ള പുനരധിവാസ പ്രവർത്തനങ്ങൾക്ക് മേൽനോട്ടമായി ഒരു മന്ത്രിതല സമിതിക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ രണ്ടുമൂന്നുപ്രാവശ്യം യോഗങ്ങൾ വിളിച്ചു

ചേർത്തു. ഇന്നലെയും അവിടത്തെ എം.എൽഎ. മാരുടെ അടക്കം യോഗങ്ങൾ വിളിച്ചുചേർത്തിരുന്നു. അതിനുള്ള സഹായങ്ങൾ നൽകുന്നതിനു വേണ്ടി പ്ലാന്റേഷൻ കോർപ്പറേഷൻ ഇപ്പോൾ 27 കോടി രൂപ ആദ്യഗഡുവായി അടച്ചിട്ടുണ്ട്. ഇപ്രകാരം സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയും അല്ലാതെയും എൻഡോസൾഫാൻ ദുരിത ബാധിതർക്കായി വിവിധ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന സാഹചര്യത്തിൽ നിർദ്ദിഷ്ട അനൗദ്യോഗിക ബില്ലിന് അവതരണാനുമതി നൽകേണ്ടതില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ ഇവിടെ നൽകിയ മറുപടി താത്ക്കാലിക ആശ്വാസ നടപടി എന്ന നിലയിൽ സർക്കാർ സ്വീകരിച്ചുവരുന്ന കാര്യങ്ങൾ മാത്രമാണ്. അതുകൊണ്ട് മാത്രം പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്ന അവസ്ഥയിലല്ല എൻഡോസൾഫാൻ ദുരിത ബാധിത മേഖലയിലെ സ്ഥിതിഗതി എന്നാണ് ഇതുസംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്. കേരളത്തിലെ കാർഷിക മേഖലയിൽ മാരക കീടനാശിനിയായ എൻഡോസൾഫാൻ തളിച്ചതിനെത്തുടർന്ന് ദുരിതബാധിതരായവർക്ക് നഷ്ടപരിഹാരം ഈടാക്കി നൽകണമെന്ന അപേക്ഷകളും തർക്കങ്ങളും അടിയന്തിരമായി തീർക്കണമെന്നും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുവേണ്ടി ഒരു പ്രത്യേക ട്രിബ്യൂണൽ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യണമെന്നാണ് എന്റെ അഭ്യർത്ഥന. സംസ്ഥാനത്തിലെ കാർഷിക മേഖലയിൽ വിശേഷിച്ച് തോട്ടങ്ങളിൽ വ്യാപകമായി ഉപയോഗിച്ചുവരുന്ന രാസ കീടനാശിനികൾ ഗുരുതരമായ നിരവധി ആരോഗ്യ പ്രശ്നങ്ങൾക്കും പാരിസ്ഥിതിക പ്രശ്നങ്ങൾക്കും കാരണമാക്കുന്നതായി ശാസ്ത്രീയ പഠനങ്ങൾ കണ്ടെത്തിയിരിക്കുകയാണ്. ഇങ്ങനെയുള്ള സ്ഥിതി

ഗതികൾക്ക് പരിഹാരം ചെയ്യാൻ ദോഷകാരിയായ കീടനാശിനികളുടെ നിർമ്മാതാക്കളും വിതരണക്കാരും ഉപയോക്താക്കളും ബാധ്യസ്ഥരാണ്. കാസർഗോഡ് ജില്ലയിൽ 'പ്ലാന്റേഷൻ കോർപ്പറേഷൻ കേരള'യുടെ 4696 ഹെക്ടർ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന കശുമാവിൻ തോട്ടങ്ങളിൽ തേയില കൊതുക് നശിപ്പിക്കുന്നതിനായി 1976 മുതൽ എൻഡോസൾഫാൻ കീടനാശിനി പ്രയോഗിക്കുകയുണ്ടായി. ആദ്യഘട്ടത്തിൽ കൈപ്പമ്പ് ഉപയോഗിച്ചും പിന്നീട് ഹെലിക്കോപ്റ്റർ ഉപയോഗിച്ച് ആകാശ മാർഗ്ഗേയും വർഷത്തിൽ മൂന്നുതവണ എന്ന നിലയിൽ ഈ കീടനാശിനി തളിച്ചുവന്നു. ആദ്യകാലത്ത് പ്രശ്നങ്ങൾ ഒന്നും ശ്രദ്ധയിൽപ്പെട്ടില്ലെങ്കിലും ക്രമേണ പ്ലാന്റേഷൻ കോർപ്പറേഷന്റെ കശുമാവിൻ തോട്ടങ്ങളുടെ അടുത്തുള്ള പതിനൊന്ന് പഞ്ചായത്തുകളിൽ എൻമകജെ, മുളിയാർ, കാറഡുക്ക, ബദിയഡുക്ക, ബെള്ളോർ ദേലംപാടി, പുല്ലൂർപെരിയ, അജാനൂർ, കള്ളാർ, പനത്തടി, കയ്യൂർ ചിമേനി. അതിന്റെ സമീപപ്രദേശങ്ങളിലും താമസിക്കുന്നവരിൽ അപൂർവ്വമായ പല രോഗങ്ങളും കാണപ്പെടുവാൻ തുടങ്ങി. ഇന്ന് മറ്റ് ജീവജാലങ്ങളിലും പരിസ്ഥിതിയിൽ പൊതുവേയും പല മാറ്റങ്ങളുമുണ്ടായി. മനുഷ്യർക്കിടയിൽ മാരകമായ വിവിധതരം ക്യാൻസറുകൾ, സെറിബ്രൽ പാൾസി, ശ്വാസകോശ രോഗങ്ങൾ, ചർമ്മരോഗങ്ങൾ, ഹൃദ്രോഗം, അസ്ഥി രോഗം, കരൾ രോഗം, അന്ധത, വന്ധ്യത, തുടർച്ചയായ ഗർഭമലസൽ, ചാപിള്ളയായോ ജനിതക വൈകല്യങ്ങളോടുകൂടിയോ ഉള്ള കുട്ടികളുടെ പിറവി തുടങ്ങിയവ ഈ പ്രദേശത്ത് വൻതോതിൽ കാണപ്പെടുകയാണ്. ഇതര ജീവജാലങ്ങൾക്കും പരിസ്ഥിതിക്കും വലിയ നാശമുണ്ടായി. ഈ ദു:സ്ഥിതിയെ സംബന്ധിച്ചുള്ള ശാസ്ത്രീയ പഠനങ്ങൾ തെളിയിക്കുന്നത് എൻഡോസൾഫാൻ കീടനാശിനി

പ്രയോഗിച്ചതുകൊണ്ടാണ് ഇപ്രകാരമുണ്ടായതെന്നാണ്. ഓർഗാനോ ക്ലോറിൻ വിഭാഗത്തിൽപ്പെടുന്ന ഈ രാസകീടനാശിനിയുടെ ആവർത്തിച്ചുള്ള ഉപ യോഗത്തെത്തുടർന്ന് കാസർഗോഡ് ജില്ലയിൽ 400-ൽപ്പരം ആളുകൾ ഇപ്പോൾ മരണപ്പെടുകയുണ്ടായി. കൂടാതെ 4000-ത്തിൽപ്പരം ആളുകൾ രോഗ ബാധിതരായി കഴിയുകയാണ്. മരണ റിപ്പോർട്ടുകൾ തുടരുകയും രോഗിക ളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയുമാണ്. അന്താരാഷ്ട്രതലത്തിൽ എൻഡോസൾഫാൻ കീടനാശിനിക്കെതിരെ ബഹുജനാഭിപ്രായം ഉയരുകയും 2011 ഏപ്രിൽ മാസത്തിൽ ജനീവയിൽ നടന്ന ആഗോള കൺവെൻഷനിൽ ലോകവ്യാപകമായി എൻഡോസൾഫാൻ നിരോധിക്കാൻ ശുപാർശ ചെയ്യു കയും ചെയ്തു. 127 രാജ്യങ്ങൾ എൻഡോസൾഫാൻ നിരോധനത്തിന് സമ്മതം നൽകി. പിന്നീട് ഒരു റിട്ട് ഹർജി പരിഗണിച്ചുകൊണ്ട് ഇന്ത്യയുടെ സുപ്രീംകോടതി എൻഡോസൾഫാൻ നിർമ്മാണവും വിൽപ്പനയും രാജ്യത്ത് നിരോധിച്ചുകൊണ്ട് ഉത്തരവാകുകയും ചെയ്തു. റിയോഡീജനീറോയിൽ ചേർന്ന ഭൗമ ഉച്ചകോടി അനുശാസിച്ചിട്ടുള്ളതുപ്രകാരം ഒരു കീടനാശിനി യുടെ ഉപയോഗം നിമിത്തം ആർക്കെങ്കിലും എന്തെങ്കിലും ആപത്തുണ്ടാകുക യാണെങ്കിൽ ആ കീടനാശിനിയുടെ ഉത്പാദകരും വിതരണക്കാരും ഉപയോ ക്താക്കളും അതിന് നഷ്ടപരിഹാരം കൊടുക്കാൻ ബാധ്യസ്ഥരാണ്. ജലാശ യങ്ങളുള്ള സ്ഥലങ്ങളിൽ യാതൊരുവിധ കീടനാശിനികളും പ്രയോഗിക്കു വാൻ പാടില്ലെന്ന് കേന്ദ്ര കീടനാശിനി റിവ്യൂ കമ്മിറ്റിയുടെ കർശന നിർദ്ദേശമു ണ്ടായിരുന്നിട്ടും 12-ഓളം നദികളും നിരവധി ജലസ്രോതസ്സുകളും ജലാശയ ങ്ങളുമുള്ള കാസർഗോഡ് ജില്ലയിലെ പ്ലാന്റേഷൻ കോർപ്പറേഷൻ കശുമാവ്

തോട്ടങ്ങളിൽ യാതൊരു സുരക്ഷാ ക്രമീകരണങ്ങളുമില്ലാതെ കീടനാശിനി സ്പ്രേ ചെയ്യുകയുണ്ടായി. എൻഡോസൾഫാന്റെ പ്രയോഗംമൂലമുണ്ടായിട്ടുള്ള മരണങ്ങൾക്കും രോഗ ദുരിതങ്ങൾക്കും പാരിസ്ഥിതിക നാശങ്ങൾക്കും എൻഡോസൾഫാൻ നിർമ്മാതാക്കളായ ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സ് ലിമിറ്റഡ്, അതുപോലെ എക്സെൽ ഇന്ത്യ, കോറമാൻഡൽ ഇൻഡസ്ട്രീസ് തുടങ്ങിയ കമ്പനികളും അവിടെ വിതരണം ചെയ്ത കീടനാശിനി യാതൊരു ശാസ്ത്രീയ വ്യവസ്ഥകളും പാലിക്കാതെ കശുമാവ് തോട്ടങ്ങളിൽ പ്രയോഗിച്ച പ്ലാന്റേഷൻ കോർപ്പറേഷൻ, കേരളയും നഷ്ടപരിഹാരം നൽകാൻ ബാധ്യസ്ഥരാണ്. അതുകൊണ്ട് എൻഡോസൾഫാൻമൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കും രോഗബാധിതർക്കും അവരുടെ കഷ്ടപ്പാടുകൾക്കനുസരിച്ചുള്ള നഷ്ടപരിഹാരം ലഭ്യമാക്കുകയും രോഗമുക്തിക്കുള്ള ചികിത്സയും പുനരധിവാസവും നൽകണം. കൂടാതെ പരിസ്ഥിതിക്ക് വലിയ നാശനഷ്ടമുണ്ടായിട്ടുണ്ട്; അതും പൂർവ്വസ്ഥിതിയിലാക്കേണ്ടതുണ്ട്. (ചർച്ച തുടരും)

**2012-ലെ കേരള ജനിതക രോഗബാധിതരുടെ ക്ഷേമ കോർപ്പറേഷൻ ബിൽ**

ശ്രീ. ബെന്നി ബെഹനാൻ: സർ, 2012-ലെ കേരള ജനിതക രോഗബാധിതരുടെ ക്ഷേമ കോർപ്പറേഷൻ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ബഹുമാനപ്പെട്ട ബെന്നി ബെഹനാൻ അവതരിപ്പിച്ച ബില്ലിന്റെ ഉദ്ദേശശുദ്ധിയെ സർക്കാർ മാനിക്കുന്നു. ജനിതകരോഗ ബാധിതർക്കും കുടുംബത്തിനും അനുഭവിക്കേണ്ടിവരുന്ന ദുരിതങ്ങൾ ഈ ബില്ലിൽ

വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം രോഗങ്ങൾക്ക് വേണ്ടിവരുന്ന വില കൂടിയ ഔഷധങ്ങളെക്കുറിച്ചും ഉപകരണങ്ങളെക്കുറിച്ചും ഈ ബില്ലിൽ പരാമർശിക്കുന്നുണ്ട്. ഇവയെല്ലാം ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള ക്രമീകരണങ്ങൾ മെച്ചപ്പെടുത്തുകയാണ് വേണ്ടത്. കേരളത്തിൽ ഏകദേശം രണ്ട് ലക്ഷത്തോളം ആളുകൾക്ക് ഇത്തരം രോഗമുണ്ടെന്നാണ് മനസ്സിലാകുന്നത്. എല്ലാവിധ രോഗങ്ങൾക്കും ചികിത്സ നൽകുന്നതിനായി ആരോഗ്യ വകുപ്പിന് കീഴിലുള്ള അലോപ്പതി, ആയുർവേദം, ഹോമിയോ, സിദ്ധ, യുനാനി വിഭാഗങ്ങളിൽ സംവിധാനമുണ്ട്. ഈ ചികിത്സാ വിഭാഗങ്ങളെ ഫലപ്രദമായി വിനിയോഗിക്കുന്നതിനുവേണ്ടിയുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇത്തരം രോഗങ്ങൾക്കുള്ള ഔഷധങ്ങളുടെ വില വളരെ കൂടുതലായതിനാൽ പല രോഗികൾക്കും ഫലപ്രദമായ ചികിത്സ തേടുന്നതിന് സാധിക്കുന്നില്ല. ഈ രോഗത്താൽ കഷ്ടപ്പെടുന്നവർക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് എല്ലാ സജ്ജീകരണങ്ങളും സർക്കാർ ഏർപ്പെടുത്തുന്നതാണ്. മെഡിക്കൽ കോളേജ് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിൽ ഹീമോഫീലിയ ഉൾപ്പെടെയുള്ള ജനിതക രോഗങ്ങൾക്ക് ജീവൻരക്ഷാ ഔഷധങ്ങൾ എ.പി.എൽ/ബി.പി.എൽ. വ്യത്യാസമില്ലാതെ ലഭ്യമാക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരികയാണ്. ഇത്തരം രോഗങ്ങൾക്കുള്ള ചികിത്സ മെച്ചപ്പെടുത്താൻ ആവശ്യമായ ഗവേഷണങ്ങൾ നടത്തുന്നതിനും അതിൽനിന്നും കൂടുതൽ പ്രയോജനപ്രദമായ രീതി കണ്ടെത്തുന്നതിനും സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഇത്തരം രോഗികൾക്കും കുടുംബത്തിനും ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച് സാമൂഹ്യക്ഷേമ വകുപ്പുമായി കൂടിയാലോചിച്ച് ആവശ്യമായ നടപടികൾ സർക്കാർ കൈക്കൊള്ളുന്നതാണ്. ഇതിനായി

പുതിയ കോർപ്പറേഷൻ സ്ഥാപിക്കുക എന്നത് കൂടുതൽ സാമ്പത്തിക ബാധ്യത വരുത്തിവയ്ക്കാൻ മാത്രമേ കഴിയുകയുള്ളൂ എന്നുള്ളതാണ് സർക്കാരിന്റെ അഭിപ്രായം. ഈ സാഹചര്യത്തിൽ ഇത്തരമൊരു ബില്ല് ആവശ്യമില്ലെന്ന് സർക്കാർ കരുതുന്നു.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഏറ്റവും കൂടുതൽ പരിരക്ഷ വേണ്ടതും സർക്കാരിന്റെ ഭാഗത്തുനിന്ന് പരിഗണന വേണ്ടതുമായ ഒരു വിഷയമാണ് ഞാൻ ഉന്നയിക്കുന്നത്. ജന്മനാ വൈകല്യത്തോടുകൂടി ജീവിക്കുന്നവരും ഈ വൈകല്യം കാരണം ജീവിതകാലം മുഴുവൻ വിഷമതകൾ അനുഭവിച്ച് ജീവിക്കുന്നവരുടേയും അവരുടെ കുടുംബത്തിന്റെയും സംരക്ഷണത്തിനും ക്ഷേമത്തിനും ഒരു ക്ഷേമ കോർപ്പറേഷൻ രൂപീകരിക്കണമെന്നുള്ളതാണ് ഈ ബില്ലിലൂടെ ഞാൻ വ്യക്തമാക്കുന്നത്. ബധിരർ, മൂകർ, അന്ധർ, ഓട്ടിസം, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, ഹീമോഫീലിയ തുടങ്ങിയ നിരവധി രോഗങ്ങളാണുള്ളത്. സംസ്ഥാനത്ത് 200000-പേർക്ക് ഇത്തരം രോഗമുള്ളതായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. ഈ ബിൽ അവതരിപ്പിക്കുമ്പോൾ എന്റേതായ സ്വന്തം അനുഭവംകൂടി ഈ പശ്ചാത്തലത്തിൽ പറയുകയാണ്. ഈ പറയുന്ന 200000 പേരെ മറ്റ് രോഗികളുമായി താരതമ്യപ്പെടുത്താൻ പാടില്ല. ഹാന്റിക്യാപ്ഡായിട്ടുള്ള ആളുകളെ സഹായിക്കുന്നതിനുവേണ്ടിയുള്ള സംവിധാനങ്ങൾ, അവർക്ക് പല തരത്തിലുള്ള പരിഗണനകൾ, റിസർവേഷനുകൾ എന്നിവയെല്ലാം നൽകുന്നുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഓട്ടിസം പോലുള്ള രോഗങ്ങൾ ബാധിച്ച ആളുകൾക്ക് ലഭിക്കുന്ന പരിഗണന പലപ്പോഴും കുറഞ്ഞുപോകുകയാണ്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിയ ഒരു കാര്യം ഞാൻ

സംതൃപ്തിയോടുകൂടി അറിയിക്കുകയാണ്. ബധിര-മൂകർക്ക് അവരുടെ ബധിരത/മൂകത അകറ്റുന്നതിനുവേണ്ടിയും ഇനിയും നമ്മുടെ സമൂഹത്തിൽ ബധിരരും മൂകരും ഉണ്ടാകാതിരിക്കുന്നതിനുവേണ്ടിയും 3 വയസ്സിൽ താഴെ യുള്ള കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ നടത്തി അവരുടെ ബധിരത മാറ്റുന്നതിനുവേണ്ടിയുള്ള സംവിധാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും സോഷ്യൽ വെൽഫയൽ ഡിപ്പാർട്ടുമെന്റിന്റെയും നേതൃത്വത്തിൽ ആരംഭിക്കു കയും അതിന് തുടക്കംകുറിക്കുകയും ചെയ്തു. മറ്റ് പരിഷ്കൃത രാജ്യത്തെ അപേക്ഷിച്ച് ഈ സംവിധാനത്തിലൂടെ നമ്മുടെ സംസ്ഥാനത്ത് ബധിരരും മൂകരുമല്ലാത്ത ഒരു തലമുറയെ വാർത്തെടുക്കാൻ സാധിക്കുമെന്നുള്ള കാര്യ ത്തിൽ സന്തോഷമുണ്ട്. ഫിസിക്കലി ഹാന്റിക്യാപ്ഡായിട്ടുള്ള ആളുകൾക്ക് പിന്നീട് തുടർചികിത്സ പലപ്പോഴും ആവശ്യമില്ല. പക്ഷെ ബധിരരും മൂകരുമാ യിട്ടുള്ള ആളുകൾ, അന്ധർ, ഓട്ടിസം, തുടങ്ങിയ ജനിതകരോഗങ്ങളുള്ള ആളുകൾക്ക് എപ്പോഴും തുടർചികിത്സ ആവശ്യമാണ്. അവർക്ക് മരുന്നുകൾ മാത്രമല്ല, ഉപകരണങ്ങളും ആവശ്യമുണ്ട്. ബധിരനും മൂകനുമായ ഒരു കുട്ടി യുടെ രക്ഷകർത്താവ് എന്നുള്ള നിലയിൽ ചിലപ്പോൾ സംസാരിക്കാൻ ശേഷിയുള്ള മറ്റ് കുട്ടികളുടെ രക്ഷകർത്താക്കളെ കാണുമ്പോൾ അവർ ഭാഗ്യ വാന്മാരാണെന്ന് എന്റെ മനസ്സിൽ തോന്നിയിട്ടുണ്ട്. ഞാൻ എന്റെ അനു ഭവം തന്നെ പറയാം. എന്റെ കുട്ടിയുടെ വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള സർട്ടിഫിക്കറ്റ് വാങ്ങുന്നതിനായി മകനെ മെഡിക്കൽ ബോർഡിന്റെ മുമ്പിൽ കൊണ്ടുപോയപ്പോഴാണ് മറ്റ് പലരേക്കാൾ ഭാഗ്യവാനാണ് ബധിരനും മൂകനു മായ ഒരു കുട്ടിയുടെ പിതാവെന്ന് എനിക്ക് തോന്നിയത്. പ്രത്യേകിച്ച് ഓട്ടിസം പോലുള്ള രോഗങ്ങൾ ബാധിച്ച കുട്ടികളെ കാണുമ്പോൾ വളരെ ദയ

നീയതയാണ് തോന്നുന്നത്. മനുഷ്യന്റെ ശബ്ദംപോലും പ്രകടിപ്പിക്കാൻ സാധിക്കാത്ത, മനുഷ്യനെ കണ്ടാൽ തിരിച്ചറിയാൻപോലും സാധിക്കാത്ത അത്തരം കുട്ടികളുടെ രക്ഷകർത്താക്കളുടെ ദുഃഖം മനസ്സിലാക്കിയാൽ ഇതു പോലുള്ള ഒരു കോർപ്പറേഷൻ അവർക്കുവേണ്ടി വേണമെന്നുള്ള കാര്യം ഈ നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കുമെന്നുള്ള കാര്യത്തിൽ എനിക്കുറപ്പുണ്ട്. ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പലപ്പോഴും വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല. പല വികസിത രാജ്യങ്ങളിലും ഇത്തരം കുട്ടികൾക്ക് നൽകുന്ന ആനുകൂല്യങ്ങളും പരിഗണനയും വളരെ വലുതാണ്. കേരളത്തിൽ ഇവർക്കായി സ്പെഷ്യൽ സ്കൂളുകൾക്ക് റെക്കഗ്നിഷൻ കൊടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. സ്പീച്ച് തെറാപ്പിയും ഫിസിയോതെറാപ്പിയും മറ്റാനുകൂല്യങ്ങളും ചെയ്തുകൊടുക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് അംഗീകാരം കൊടുക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും കേരളത്തിൽ മാറിമാറി വന്ന ഗവൺമെന്റുകൾ അതിന് വേണ്ട പരിഗണന നൽകുന്നില്ല. ഈ ഗവൺമെന്റ് വന്നപ്പോൾ കേരളത്തിൽ ഇത്തരം സ്പെഷ്യൽ സ്കൂളുകൾക്ക് റെക്കഗ്നിഷൻ കൊടുക്കാനുള്ള നടപടി സ്വീകരിച്ചു. എന്നാൽ, ആ നടപടികൾപോലും സാങ്കേതികമായ തടസ്സങ്ങൾ പറഞ്ഞ് പൂർത്തീകരിക്കാൻ കഴിയാത്തത് വളരെ ദുഃഖകരമായ കാര്യമാണ്. ഇവിടെ ഇതിനായി നല്ല രീതിയിലുള്ള ഹോസ്പിറ്റൽ സൗകര്യങ്ങളില്ല. ഇവിടെ ധാരാളം സ്പെഷ്യലൈസേഷനുണ്ടെങ്കിലും ഈ കാറ്റഗറിയിൽപ്പെട്ട കുട്ടികളുടെ പരിരക്ഷയ്ക്കായി വേണ്ടത്ര ആശുപത്രി സൗകര്യങ്ങളോ സ്പെഷ്യലൈസേഷനോ ഇല്ല. എന്റെ അനുഭവമാണ് ഞാൻ പറയുന്നത്. ബധിരരും മൂകരുമായ കുട്ടികൾക്ക് സ്പീച്ച് തെറാപ്പി കൊടുക്കുന്നതിനും അവരുടെ ഓഡിയോഗ്രാം എടുക്കുന്നതിനും ജില്ലാ ആശുപത്രികൾ മാത്രമാണുള്ളത്. ഇതിൽ പലരും പാവപ്പെട്ട

കുട്ടികളാണ്. ബധിരരും മൂകരും ഓട്ടിസം ബാധിച്ച കുട്ടികളും ഒരു നോർമൽ സ്കൂളിൽ പഠിക്കാൻ പോയാൽ പലപ്പോഴും പല അർത്ഥത്തിലുമുള്ള അവഗണന അവർക്കുണ്ടാകുന്നുണ്ട്. ആ അവഗണനയൊക്കെ അനുഭവിച്ചറിഞ്ഞ ഒരു വ്യക്തിയെന്നുള്ള നിലയിലാണ് ഇവർക്കുവേണ്ടിയൊരു കോർപ്പറേഷൻ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത വളരെ അത്യാവശ്യമെന്ന് ഞാൻ പറയുന്നത്. (ചർച്ച തുടരും )

**2012-ലെ കേരള ഫ്ളാറ്റ് നിർമ്മാണ നിന്ത്രണ അതോറിറ്റി ബിൽ**

ശ്രീ. ബെന്നി ബെഹനാൻ: സർ, 2012-ലെ കേരള ഫ്ളാറ്റ് നിർമ്മാണ നിയന്ത്രണ അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, കേരളത്തിൽ വർദ്ധിച്ചുവരുന്ന ഫ്ളാറ്റ് നിർമ്മാണം നിയന്ത്രിക്കുന്നതിനും അതിന്റെപേരിൽ നടക്കുന്ന തട്ടിപ്പുകൾ തടയുന്നതിനും കൺസ്ട്രക്ട് ചെയ്ത ഫ്ളാറ്റുകളുടെ മെയിന്റനൻസ് നല്ലരീതിയിൽ നടക്കുന്നുണ്ടോയെന്നും അവിടത്തെ ലിഫ്റ്റുകൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടോയെന്നും ഇലക്ട്രിക്കൽ ഫിറ്റിംഗ്സുകൾ കൃത്യമാണോയെന്നും സ്വിവറേജ് പദ്ധതികളും വേസ്റ്റ് മാനേജ്മെന്റ് പദ്ധതികളും നടപ്പിലാക്കുന്നുണ്ടോയെന്നുമൊക്കെ മനസ്സിലാക്കാൻ വേണ്ടിയാണ് കേരള ഫ്ളാറ്റ് നിർമ്മാണ നിയന്ത്രണ ബില്ലിന് ശ്രീ. ബെന്നി ബെഹനാൻ എം.എൽ.എ. നോട്ടീസ് നൽകിയിരിക്കുന്നത്. വളരെ സദുദ്ദേശത്തോടുകൂടിയാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷേ

ഇതൊക്കെ നിയന്ത്രിക്കുന്നതിന് ടൗൺപ്ലാനിംഗ് ആക്ട്, കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് ആക്ട്, കേരള പഞ്ചായത്ത് ബിൾഡിംഗ് റൂൾസ് എന്നിവ നിലവിലുണ്ട്. കൂടാതെ, കേന്ദ്ര ഗവൺമെന്റ് ഫ്ളാറ്റ് നിർമ്മാണമുൾപ്പെടെ റിയൽ എസ്റ്റേറ്റ് രംഗത്ത് ഉടലെടുത്ത വിവാദങ്ങൾ പരിഹരിക്കുന്നതിനും കെട്ടിട നിർമ്മാതാക്കളിൽ നിന്നും ഉടമകൾക്ക് നീതി ഉറപ്പാക്കുന്നതിനും തർക്കങ്ങൾ പരിഹരിക്കുന്നതിനും ഈ രംഗത്ത് കൂടുതൽ സുതാര്യത കൊണ്ടുവരുന്നതിനുമായി കേന്ദ്ര സർക്കാരിന്റെ നഗരവികസന വകുപ്പ് രൂപം കൊടുത്തിട്ടുള്ള റിയൽ എസ്റ്റേറ്റ് റഗുലേഷൻ ആന്റ് ഡെവലെപ്മെന്റ് ബിൽ-2012 പാർലമെന്റിൽ ഈ സെഷനിൽത്തന്നെ അവതരിപ്പിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. ഇത്തരമൊരു സാഹചര്യത്തിൽ ഈ അനൗദ്യോഗിക ബില്ലിന് ഇപ്പോൾ പ്രസക്തിയില്ല.

ശ്രീ. ബെന്നി ബെഹനാൻ: സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ സദുദ്ദേശത്തോടുകൂടിയാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നതെന്ന് പറയുകയുണ്ടായി. അങ്ങനെയാണെങ്കിൽ ഈ ബില്ലിന് അനുമതി നൽകണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. മാത്രമല്ല, എന്റെ വ്യക്തിപരമായ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ആദ്യം ബിൽ അവതരിപ്പിച്ചതെങ്കിൽ പൊതുപ്രവർത്തനത്തിന്റെ ഭാഗമായാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. ഇപ്പോൾ തിരുവനന്തപുരത്ത് പണിയുന്ന പല ഫ്ളാറ്റുകളിലും ഫയർ എഞ്ചിൻ വരുന്നതിനുള്ള സൗകര്യമില്ലായെന്ന് ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അങ്ങയുടെ വാക്കുകൾ കടമെടുത്തുകൊണ്ട് പറയട്ടെ, ഒരു അംബാസ്സിഡർ കാറുപോലും പോകാത്ത രീതിയിലാണ് ഇപ്പോൾ ഫ്ളാറ്റുകൾ നിർമ്മിക്കുന്നത്. ഇത്തരം കാര്യങ്ങൾ പരിഗണി

ച്ചുകൊണ്ടായിരിക്കണം ഒരു ഫ്ളാറ്റ് പണിയേണ്ടത്. നമ്മുടെ സംസ്ഥാനത്തെ സാമ്പത്തിക മേഖലയിൽ ഏറ്റവും വലിയൊരു ചാലകശക്തിയായി പ്രവർത്തിക്കുന്നത് നിർമ്മാണമേഖലയാണ്. ആ നിർമ്മാണമേഖലയുടെ പ്രാധാന്യം ഒട്ടും കുറയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. വളരെയേറെ ആളുകൾക്ക് തൊഴിൽ ലഭിക്കുന്ന ഒരു മേഖലയാണത്. നിർമ്മാണ മേഖലയിൽ ഉപയോഗിക്കുന്ന വസ്തുക്കളായ ഇഷ്ടിക, കമ്പി, മണൽ, സിമെന്റ് മുതലായവ വാങ്ങുന്നതിലൂടെയാണ് മാർക്കറ്റിൽ പണം വരുന്നത്. അത് സ്വാഭാവികമായും മാർക്കറ്റിനെ പരിപോഷിപ്പിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഡെൻസിറ്റി ഓഫ് പോപ്പുലേഷൻ വളരെ കൂടുതലും സ്ഥലപരിമിതിയുമുള്ളതുകൊണ്ട് ഹൊറിസോണ്ടൽ ടൈപ്പ് കെട്ടിടങ്ങൾ പണിയുന്നതാണ് നല്ലത്; അതിനോട് ഞാൻ യോജിക്കുന്നു. അതുകൊണ്ടുതന്നെ പലപ്പോഴും കൂണുകൾ പോലെയാണ് ഫ്ളാറ്റുകൾ പൊട്ടിമുളയ്ക്കുന്നത്. ഈയൊരു സാഹചര്യത്തിൽ ഫ്ളാറ്റ് നിർമ്മാതാക്കളെ ശത്രുക്കളായി കാണുന്നില്ല. അവർ കേരളത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു വ്യവസായമാണ് നടത്തുന്നത്. ഏറ്റവും കൂടുതൽ തൊഴിലാളികൾക്ക് സംരക്ഷണവും തൊഴിലവസരവും മറ്റ് നിർമ്മാണപ്രവർത്തനവുമായി ബന്ധപ്പെട്ട് വളരെയധികം സാമ്പത്തിക സഹായങ്ങളും നൽകുന്ന ഒരു മേഖലയെന്ന നിലയിൽ നിർമ്മാണമേഖല മുന്നോട്ടു പോവുകയാണ്. അതിന്റെ ക്വാളിറ്റിയും നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ആ മേഖലയെ പരിപോഷിപ്പിക്കുന്നതിനുവേണ്ടിയുള്ള എല്ലാ സഹായങ്ങളും ഗവൺമെന്റ് ചെയ്തുകൊടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതോടൊപ്പംതന്നെ ഈ മേഖലയിൽ ഒട്ടേറെ തട്ടിപ്പുകളുമുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

മി. സ്പീക്കർ: അങ്ങേയ്ക്ക് ചർച്ച തുടരാവുന്നതാണ്.

(ചർച്ച തുടരും)

**2011-ലെ കേരള സംസ്ഥാനത്തെ സ്വകാര്യ ദേവസ്വം ജീവനക്കാരുടെ ക്ഷേമനിധി ബിൽ.**

ശ്രീ. വി. ശിവൻകുട്ടി: സർ, 2011-ലെ കേരള സംസ്ഥാനത്തെ സ്വകാര്യ ദേവസ്വം ജീവനക്കാരുടെ ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുകയാണ്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുകയാണ്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ച ഈ വിഭാഗം പരിഗണന അർഹിക്കുന്ന വിഭാഗമായതുകൊണ്ടുതന്നെ ഗവൺമെന്റ് അവർക്ക് ക്ഷേമനിധി ഏർപ്പെടുത്തികഴിഞ്ഞു; ആ ക്ഷേമനിധി നിലവിൽ വന്നുകഴിഞ്ഞു. അതുകൊണ്ട് ഇത്തരമൊരു ബില്ലിന്റെ ആവശ്യമില്ല.

ശ്രീ. വി. ശിവൻകുട്ടി: സർ, നാമമാത്രമായിട്ടുള്ള ഒരു ക്ഷേമനിധിയുടെ കാര്യമാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത്. അങ്ങേയ്ക്ക് അറിയാവുന്നതുപോലെ കേരളത്തിൽ ഏതാണ്ട് 20000-ത്തോളം വരുന്ന സ്വകാര്യ ക്ഷേത്രജീവനക്കാർ പണിയെടുക്കുന്നുണ്ട്. മലബാർ-കൊച്ചിൻ-ട്രാവൻകൂർ ദേവസ്വം, സിംഗിൾ മാനേജ്മെന്റ് ദേവസ്വം ട്രസ്റ്റുകളുടെ ദേവസ്വം, ഫാമിലി ദേവസ്വം, ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ദേവസ്വം അങ്ങനെ ചെറിയ ദേവസ്വം മുതൽ ഏതാണ്ട് 250-400 വരെയുള്ള ദേവസ്വം ജീവനക്കാർ ശാന്തിക്കാരായും കഴകമായും വാച്ചറായും വാദ്യക്കാരായും തൂപ്പുകാരായും പണിയെടുക്കുന്നുണ്ട്. അവർക്കെല്ലാം ക്ഷേമമുണ്ടാകുന്ന തരത്തിലുള്ള ആനുകൂല്യങ്ങൾ നൽകുന്ന രൂപത്തിൽ അവരുടെ ശമ്പള

ത്തിന്റെ കാര്യത്തിലും ഫെസ്റ്റിവൽ അലവൻസിന്റെ കാര്യത്തിലും പെൻഷന്റെ കാര്യത്തിലും അതുപോലെ മറ്റ് ദേവസ്വം ബോർഡുകളിലേതു പോലുള്ള അവധിയുടെ കാര്യങ്ങളിലെല്ലാമുള്ള പരിഗണന ലഭിക്കുന്നുണ്ടോ യെന്നതിനെ സംബന്ധിച്ച് സംശയമുണ്ട്. യഥാർത്ഥത്തിൽ വളരെ സമഗ്ര മായ ഒരു ബില്ലാണ് സ്വകാര്യ ദേവസ്വം ജീവനക്കാരെ സംബന്ധിച്ചിടത്തോളം വരേണ്ടത്. സമൂഹത്തിൽ നിന്നും മാറ്റിനിർത്താൻ കഴിയുന്ന ഒരു വിഭാഗക്കാ രല്ല അവർ. വാസ്തവത്തിൽ അവരുടെ ജോലിക്ക് യാതൊരു സുരക്ഷിതത്വവു മില്ല. ഒരു ശാന്തിക്കാരൻ ഒരു മാസം ജോലി ചെയ്താൽ അവരെ അവിടെ നിന്ന് പറഞ്ഞുവിടാമെന്ന രീതിയിൽ യാതൊരു തൊഴിൽ നിയമങ്ങളും ഇത്തരം ദേവസ്വങ്ങളിലില്ലായെന്നുള്ളത് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്ന മാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, അങ്ങ് ഏതെങ്കിലും അമ്പല ത്തിൽ നേരിട്ടുപോയി സ്വയം ബോദ്ധ്യപ്പെട്ടതാണോ ഇവിടെ പറയുന്നത്?

ശ്രീ. ഇ.പി. ജയരാജൻ: സർ, സാധാരണ മനുഷ്യർ സ്വന്തം അനുഭവങ്ങ ളിൽ നിന്നല്ല, മറ്റുള്ളവരുടെ അനുഭവങ്ങളിൽ നിന്ന് പാഠം ഉൾക്കൊണ്ടു കൊണ്ടാണ് ഇത്തരത്തിലുള്ള നയങ്ങളും പരിപാടികളും ആവിഷ്ക്കരിക്കു ന്നത്. സ്വന്തം അനുഭവങ്ങളിലൂടെ പഠിക്കുന്നത് മനുഷ്യനല്ല മൃഗങ്ങളാണ് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, തിരുവനന്തപുരത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു അമ്പലമാണ് ആറ്റുകാൽ. ആറ്റുകാൽ ദേവസ്വത്തിന്റെ കീഴിലാണ് ആറ്റു കാൽ ട്രസ്റ്റ്. അവിടെ മുന്നൂറ്റമ്പതോളം ജീവനക്കാരുണ്ട്. സാധാരണഗതി യിൽ ആറ്റുകാൽ ഉൽസവവുമായി ബന്ധപ്പെട്ട് അവരുടെ എല്ലാ കാര്യങ്ങ ളിലും ഇടപെടുന്ന ഒരാളാണ് ഞാൻ. അതുകൊണ്ട് നേരിട്ടുതന്നെ അവരുടെ

ബുദ്ധിമുട്ടുകളെ സംബന്ധിച്ച് മനസ്സിലാക്കാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. മാത്ര മല്ല, ശ്രീ. ഇ.പി. ജയരാജൻ സൂചിപ്പിച്ചതുപോലെ നമ്മളെല്ലാം സാമൂഹിക രാഷ്ട്രീയ പ്രവർത്തകരാണ്, ഈ സമൂഹത്തിൽ ജീവിക്കുന്നവരാണ്. അതു കൊണ്ട് വിശ്വാസമുണ്ടോ ഇല്ലയോ എന്നുള്ള പ്രശ്നമില്ല. അവരുടെ ദുരിത ങ്ങളും കഷ്ടപ്പാടുകളും നമ്മൾ മനസ്സിലാക്കുകയും അതിന് പരിഹാരം കാണുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയുമാണ് നമ്മുടെ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഇരുപതിനായിരത്തോളം വരുന്ന ജീവനക്കാരുടെ ശമ്പളം, ആനുകൂല്യം, ലീവ് സറണ്ടർ, ഫെസ്റ്റിവൽ അലവൻസ് തുടങ്ങിയ കാര്യങ്ങളൊക്കെ അവർക്ക് കൂടുതൽ കിട്ടത്തക്ക രൂപത്തിലുള്ള വളരെ വിപുലമായ ബിൽ ആണ് വരേണ്ടത്. ഇപ്പോഴുള്ളത് വളരെ ചെറിയൊരു ബിൽ മാത്രമാണ്. അത് കോഴിക്കോട് വച്ച് ഉദ്ഘാടനം ചെയ്തതായിട്ടാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. യഥാർത്ഥത്തിൽ പ്രൈവറ്റ് ദേവസ്വത്തിലെ ജീവനക്കാർക്ക് അതറിയില്ല. ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ ആദ്യം ഒരു സർവ്വേയാണ് നടത്തേണ്ടത്. കേരളത്തിൽ എത്ര പ്രൈവറ്റ് ദേവസ്വങ്ങൾ പ്രവർത്തിക്കുന്നുണ്ട്, അതിൽ എത്ര ജീവനക്കാരുണ്ട്, ഏതെല്ലാം കാറ്റഗറി യിൽപ്പെട്ട ജീവനക്കാരുണ്ട് എന്നീ കാര്യങ്ങൾ കാറ്റഗറി തിരിച്ച് കണക്കാ ക്കണം. ഓരോ കാറ്റഗറിയിലുംപെട്ട ജീവനക്കാരുടെ ശമ്പളത്തെ ട്രാവൻകൂർ ദേവസ്വത്തിലും കൊച്ചിൻ ദേവസ്വത്തിലും മലബാർ ദേവസ്വത്തിലുമുള്ള ജീവനക്കാരുടെ ശമ്പളവുമായി താരതമ്യപ്പെടുത്തണം. വളരെ ഡീപ്പായിട്ടുള്ള ഒരു സ്റ്റഡി നടത്തിയതിനുശേഷം ആ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ നിന്നുകൊണ്ട് ഒരു ക്ഷേമനിധിക്ക് രൂപം കൊടുക്കുമ്പോഴാണ് അത് പൂർത്തീ കരിക്കാൻ കഴിയുന്നത്. ഇപ്പോഴുള്ള ക്ഷേമനിധിയെന്നുപറയുന്നത്, ഒരു

ക്ഷേമനിധിക്കുവേണ്ടി, സമൂഹത്തിലെ നാനാതുറകളിൽപ്പെട്ട പാവപ്പെട്ടവർക്ക് വിവിധ രൂപത്തിലുള്ള ക്ഷേമനിധികൾ ഏർപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഒരു ക്ഷേമനിധിക്കുവേണ്ടിയുള്ള ക്ഷേമനിധിയാണ് ഇവിടെ ഏർപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ട് ഇക്കാര്യത്തിൽ കുറച്ചുകൂടി വിപുലമായ രൂപത്തിൽ സ്റ്റഡി നടത്തുന്നതിന് ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശിവൻകുട്ടി അങ്ങ് ചർച്ച തുടരുന്നുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങേയ്ക്കും താൽപ്പര്യമുള്ള വിഷയമല്ലേ ദേവസ്വം?

മി. സ്പീക്കർ: അങ്ങ് ചർച്ച തുടരുന്നുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: ഞാൻ ചർച്ച തുടരുന്നു.

മി. സ്പീക്കർ: അങ്ങേയ്ക്ക് വീണ്ടും ചർച്ച തുടരാവുന്നതാണ്.

(ചർച്ച തുടരും)

## 2012-ലെ കേരള സംസ്ഥാന സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെയും പാരാ മെഡിക്കൽ ജീവനക്കാരുടെയും സംരക്ഷണ അതോറിറ്റി ബിൽ

ശ്രീ. വി.റ്റി. ബൽറാം: സർ, 2012-ലെ കേരള സംസ്ഥാന സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെയും പാരാ മെഡിക്കൽ ജീവനക്കാരുടെയും സംരക്ഷണ അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കേരള സംസ്ഥാനത്തിനകത്തും പുറത്തും സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ അവരുടെ അമിത ജോലിഭാരവും

കുറഞ്ഞ വേതനവും സംബന്ധിച്ച് കഴിഞ്ഞ ഒരു വർഷമായി ധാരാളം സമരങ്ങൾ നടത്തുകയും അതെല്ലാം മാധ്യമശ്രദ്ധ പിടിച്ചുപറ്റുകയും ചെയ്ത സാഹചര്യത്തിൽ കേരളത്തിലെ സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ പ്രശ്നങ്ങൾ പഠിക്കാൻ ആരോഗ്യവകുപ്പ് ഡോ. ബലരാമൻ ചെയർമാനായി ഒരു സ്റ്റേറ്റ് കമ്മിറ്റിയും മൂന്ന് സോണൽ കമ്മിറ്റികളും രൂപീകരിക്കുകയുണ്ടായി. സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരവും അവരുടെ സേവനവേതന വ്യവസ്ഥകളുടെ പരിഷ്ക്കരണവും ശുപാർശ ചെയ്ത് സമർപ്പിച്ച ഡോ. ബലരാമൻ കമ്മിറ്റി റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്. റിപ്പോർട്ടിൽ 50 ശുപാർശകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. അവയിൽ നഴ്സുമാരുടേയും മറ്റ് ജീവനക്കാരുടേയും സേവന വേതന വ്യവസ്ഥകളും ആശുപത്രികളുടെ സേവനങ്ങൾ ക്രമീകരിക്കുന്നത് സംബന്ധിച്ച കാര്യങ്ങളുമുൾക്കൊള്ളുന്നു. നഴ്സുമാരുടെ വേതനം സംബന്ധിച്ച് മിനിമം വേജസ് ആക്ട് അനുസരിച്ച് തൊഴിൽ വകുപ്പ് ചില നടപടികൾ ഇതിനകംതന്നെ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ആയതിനാൽ കമ്മിറ്റി ശുപാർശകൾ തൊഴിൽ നിയമങ്ങളുടെ വെളിച്ചത്തിൽ പരിശോധിച്ച് തൊഴിൽവകുപ്പുമായി ചേർന്ന് സ്വകാര്യ ആശുപത്രി അധികൃതർ, നഴ്സുമാരുടെ സർവ്വീസ് സംഘടനകൾ എന്നിവരുമായി ചർച്ചചെയ്ത് കഴിവതും വേഗം തീരുമാനമെടുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിന്റെ ആദ്യപടിയെന്ന നിലയിൽ സ്വകാര്യ ആശുപത്രി മാനേജ്മെന്റുകളുമായി ജൂൺ മാസം 25-ാം തീയതി ചർച്ച നടത്തുകയുണ്ടായി. ഈ വിഷയത്തിൽ തുടർനടപടികൾ സമയബന്ധിതമായിത്തന്നെ സ്വീകരിക്കാനും സർക്കാർ ഉദ്ദേശിക്കുന്നു. ഈ സാഹചര്യത്തിൽ ഇതിനുവേണ്ടി ഒരു ബിൽ ആവശ്യമാ

ണെന്ന് സർക്കാർ കരുതുന്നില്ല. റിപ്പോർട്ടിലെ ശുപാർശകൾ ചർച്ചചെയ്ത് നടപ്പിലാക്കുമ്പോൾ നിയമനിർമ്മാണം ആവശ്യമായിവന്നാൽ അപ്പോൾ ആയത് പരിഗണിക്കുന്നതാണ്.

ശ്രീ. വി.റ്റി. ബൽറാം: സർ, കേരളം സമീപകാലത്ത് ഏറ്റവുമധികം ചർച്ച ചെയ്ത ഒരു സാമൂഹ്യപ്രശ്നത്തിന്റെ ന്യായമായ പരിഹാരത്തിനുള്ള ആത്മാർത്ഥമായ ശ്രമത്തിന്റെ ഭാഗമായാണ് ഈ ബിൽ ഞാനിവിടെ അവതരിപ്പിക്കുന്നത്. നഴ്സിംഗ്-പാരാ മെഡിക്കൽ മേഖലകളിലാണ് ഏറ്റവും കൂടുതൽ തൊഴിൽ ചൂഷണം നേരിടുന്നത്. യഥാർത്ഥത്തിൽ ഈ നിയമം പതിറ്റാണ്ടുകൾക്കുമുമ്പുതന്നെ നാം ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടിയിരുന്നുവെന്നാണ് തോന്നുന്നത്. കാരണം, നമ്മുടെ നാട്ടിലെ മലയാളി സഹോദരിമാരാണ് ലോകത്തിന്റെതന്നെ വിവിധ ഭാഗങ്ങളിൽ ഏറ്റവും ദൈവീകമായ, പവിത്രമായ ഈ തൊഴിലുമായി മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്; അന്നു തൊട്ട് തുടങ്ങുന്നതാണ് ഈ ചൂഷണങ്ങളും. അതുകൊണ്ടുതന്നെ ഒരുപക്ഷേ എൺപതുകളിലോ തൊണ്ണൂറുകളിലോതന്നെ ഈ നിയമം ഇവിടെ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടിയിരുന്നു. അത്രമാത്രം ചൂഷണങ്ങളാണ് ഈ സഹോദരിമാർ നേരിട്ടുകൊണ്ടിരിക്കുന്നത്. ദൗർഭാഗ്യവശാൽ ഇതിനെതിരായിട്ടുള്ള ശക്തമായ സമരം തുടങ്ങിയതുപോലും കേരളത്തിലല്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ഉത്തരേന്ത്യയിലും ഡൽഹിയിലും മുംബൈയിലുമൊക്കെയാണ് ഈ സമരം തുടങ്ങിയത്. അത് യഥാർത്ഥത്തിൽ കേരളത്തിന്റെ പ്രബുദ്ധതയെക്കുറിച്ചുതന്നെ വലിയ സംശയം ഉണർത്തുകയാണ്. ഏതായാലും ഇതിന്റെ സാഹചര്യങ്ങളെക്കുറിച്ച് മുഴുവൻ ആളുകൾക്കും അറിയാം. ന്യായമായ പ്രതിഫലമെന്നുള്ളത് ഏതൊരു മേഖലയിൽ പ്രവർത്തി

ക്കുന്ന ആളുകളുടേയും മിനിമം അവകാശമാണ്. പലപ്പോഴും ന്യായമായ ശമ്പളം നിഷേധിക്കപ്പെടുന്നുവെന്ന് മാത്രമല്ല, വലിയ രീതിയിലുള്ള, എല്ലാ അർത്ഥത്തിലുമുള്ള തൊഴിൽ ചൂഷണങ്ങൾ ഈ സഹോദരിമാർ നേരിട്ടുകൊണ്ടിരിക്കുകയാണ്. പലപ്പോഴും പതിനാറും പതിനെട്ടും മണിക്കൂർ വരെ നിരന്തരമായി തൊഴിൽ ചെയ്യേണ്ടിവരുന്ന സാഹചര്യം അവർ അനുഭവിക്കുകയാണ്. അതിനിടയിൽ ആവശ്യമായ ബ്രേക്കോ ഒഴിവുദിവസങ്ങളോ നൽകാൻ തയ്യാറാകുന്നില്ല. മാരകമായ വികിരണങ്ങൾ ഏറ്റുവാങ്ങുന്ന എക്സ്-റേ മെഷീന്റെ അടുത്തുപോലും മണിക്കൂറുകളോളം ജോലി ചെയ്യേണ്ടിവരുന്ന ആളുകളുടെ അവസ്ഥ വളരെ കഷ്ടമാണ്. അതുകൊണ്ടു തന്നെ ഇത്തരം പ്രശ്നങ്ങളുണ്ടാകുമ്പോൾ അതിലിടപെട്ട് പരിഹാരം കാണാൻ കഴിയുന്ന തരത്തിൽ വിപുലമായ അധികാരങ്ങളോടുകൂടിയ ഒരു ഏജൻസിയും അതോറിറ്റിയും ഉണ്ടാകണമെന്നാണ് നമ്മൾ ആഗ്രഹിക്കുന്നത്. ഈ ഗവൺമെന്റ്, ഇവിടെ മന്ത്രി സൂചിപ്പിച്ചതുപോലെ ഈ പ്രശ്നത്തോട് വളരെ അനുഭാവപൂർവ്വമായ സമീപനം സ്വീകരിച്ചു. കേരളത്തിൽ നഴ്സുമാരുടെ സമരം തുടങ്ങിയപ്പോൾ, സമരം നടക്കുന്ന പല ആശുപത്രി മാനേജ്മെന്റുകളുമായി ചർച്ച നടത്തിക്കൊണ്ട് അവരുടെ പ്രശ്നങ്ങളിൽ പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ്, തൊഴിൽ വകുപ്പ് പ്രത്യേകിച്ചും ശ്രദ്ധിച്ചുവെന്നുള്ളത് വളരെ നല്ല കാര്യമായി ഞാൻ കരുതുകയാണ്. പക്ഷേ സമരം നടക്കുന്ന ആശുപത്രികളിൽ മാത്രം ഇടപെട്ട് അവിടേയ്ക്കു മാത്രം താൽക്കാലികമായ പരിഹാരം, പാക്കേജ്, ഉണ്ടാക്കുകയെന്നതിനപ്പുറത്തേയ്ക്ക് ഈ മേഖലയിലാകെ സ്പർശിക്കുന്ന തരത്തിൽ സമഗ്രമായ ഒരു നിയമനിർമ്മാണവും ഈ മേഖലയിലെ തൊഴിൽ ചൂഷണങ്ങളെ നേരിടുന്നതിനും നഴ്സുമാർക്കും പാരാ മെഡിക്കൽ ജീവനക്കാർക്കും അർഹതപ്പെട്ട മിനിമവും ന്യായവുമായ

വേതനം ഉറപ്പുവരുത്താൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കുന്നതിനു വേണ്ടിയും ഒരു സമഗ്രമായ അതോറിറ്റി രൂപീകരിക്കുക എന്നതല്ലാതെ ഇക്കാര്യത്തിൽ മറ്റ് പരിഹാരനിർദ്ദേശമൊന്നുമില്ല. ആ താൽപ്പര്യം മുന്നോട്ടുവച്ചുകൊണ്ട് ഈ പ്രശ്നത്തിലുള്ള ഗവൺമെന്റിന്റെ പ്രതിബദ്ധതയുടെ ഭാഗമായിട്ടാണ് ഡോ. എസ്. ബലരാമന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ നിയോഗിച്ചതെന്ന് നമ്മൾ അഭിമാനത്തോടുകൂടി ഓർക്കുകയാണ്. ആ കമ്മീഷൻ നിശ്ചിത സമയത്തിനകത്തുതന്നെ നല്ല നിർദ്ദേശങ്ങൾ, കേരളീയ പൊതുസമൂഹം മുഴുവൻ അംഗീകരിക്കുന്ന നിർദ്ദേശങ്ങൾ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പും ആരോഗ്യ വകുപ്പും അതിലെ പ്രധാനപ്പെട്ട പല നിർദ്ദേശങ്ങളും ഇതിനോടകം നടപ്പാക്കിയിട്ടുമുണ്ട്. ഞാൻ അതിനെ സ്വാഗതം ചെയ്യുകയാണ്. പക്ഷേ ബലരാമൻ കമ്മീഷൻ റിപ്പോർട്ടിനെ അട്ടിമറിക്കാനുള്ള ശ്രമം പല ഭാഗങ്ങളിൽ നിന്നും ഉണ്ടാകുന്നുവെന്നുള്ളത് ദൗർഭാഗ്യകരമായ അവസ്ഥയാണ്. ആശുപത്രി മാനേജ്മെന്റുകളും മുതലാളിമാരും ഇതിനെ ഒരു കാരണവശാലും അംഗീകരിക്കുന്നില്ല. അവരുടെ ലാഭത്തിൽ നിന്ന് ചെറിയൊരു പങ്ക് ഈ പാവങ്ങൾക്ക് കൊടുത്താൽ എന്തോ വലിയ പാതകമാണെന്നുള്ള തരത്തിലാണ് ആശുപത്രി മാനേജ്മെന്റുകൾ അതിനെ സമീപിക്കുന്നത്. അതുകൊണ്ടുതന്നെ ഇത്തരത്തിൽ വലിയ രീതിയിലുള്ള സ്വാധീനശക്തിയുള്ള ആശുപത്രി മാനേജ്മെന്റുകൾ സർക്കാരുകളേയും ഭരണകൂടങ്ങളേയുമൊക്കെ നിയന്ത്രിക്കാനുള്ള അവരുടെ സ്ഥാപിത താൽപ്പര്യവുമായി മുന്നോട്ടുപോകുമ്പോൾ അതിന് വഴങ്ങാതെ ഇച്ഛാശക്തിയോടുകൂടി പാവപ്പെട്ട നഴ്സുമാരുടേയും പാരാ മെഡിക്കൽ ജീവനക്കാരുടേയും അവകാശങ്ങൾ സംരക്ഷിക്കുക, അതിനുവേണ്ടിയുള്ള നിയമനിർമ്മാണം നടത്തുക എന്ന ഏറ്റവും പ്രാഥമികമായ ഉത്തരവാദിത്വം ഏറ്റെടുക്കാൻ

ഗവൺമെന്റ് ഈ നിയമവുമായി മുന്നോട്ടുപോകണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ഈ നിയമം അസംബ്ലിയിൽ ഇന്നാണ് അവതരിപ്പിക്കാൻ അവസരം ലഭിക്കുന്നതെങ്കിലും ഇതുമായി ബന്ധപ്പെട്ട് ദൗർഭാഗ്യകരമായ ഒരുപാട് ചർച്ചകൾ വിവാദങ്ങളിലേയ്ക്ക് കടന്നുപോയ സാഹചര്യം മറച്ചുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഒരുപക്ഷേ ഈ നിയമം അസംബ്ലിയിലെത്തുന്നതിന് മുമ്പ് തന്നെ ഒരു ചട്ടലംഘനത്തിന്റെ ഭാഗമായി, ആ കുറ്റം ഞാൻ ഏൽക്കുകയാണ്. പക്ഷേ അതിന്റെ പിന്നിലുള്ള ഉദ്ദേശശുദ്ധി ഒരു വാക്കിൽ വിശദീകരിക്കാൻ അവസരം നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. സമൂഹത്തിന് പുറത്ത് ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ട വിഷയവുമായി ബന്ധപ്പെട്ടതായതുകൊണ്ടുതന്നെ അസംബ്ലിയിൽ ചർച്ചയ്ക്കെത്തുമ്പോൾ ആ നിയമം സമ്പുഷ്ടീകരിച്ചുകൊണ്ട്, വ്യാപകമായ രീതിയിലുള്ള ഇൻപുട്ടുകൾ വന്നുകൊണ്ട് സമഗ്രമായ ഒരു നിയമമായി മാറണമെന്ന സദുദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് അത് മറ്റു രീതിയിൽ ചർച്ച ചെയ്യപ്പെടണം എന്നാഗ്രഹിച്ചത്. പക്ഷേ അത് വിവാദതലത്തിലേയ്ക്ക് പോയപ്പോൾ, അവകാശലംഘനം എന്നുള്ള ആസ്പെക്ടിനെക്കുറിച്ച് ഒരുപാട് ചർച്ചകൾ നടന്നപ്പോൾ, ഈ ബില്ലിന്റെ മെരിറ്റിനെക്കുറിച്ച് ക്രിയാത്മകമായ ചർച്ചകൾ ഉയർന്നു വരാത്തതിൽ ഞാൻ ദുഃഖിതനാണ്. ഏതായാലും ഈ ഘട്ടത്തിൽ ഈ നിയമം...

മി. സ്പീക്കർ : ശ്രീ. വി. ടി. ബൽറാം, അങ്ങ് ഇത് തുടരുകയല്ലേ.

ശ്രീ. വി. ടി. ബൽറാം : സർ, ഞാൻ അവസാനിപ്പിക്കാം. അതുകൊണ്ടു തന്നെ ഈ നിയമം നടപ്പിലാക്കാനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോകണമെന്ന് അഭ്യർത്ഥിക്കുകയാണ്. (ചർച്ച തുടരും)

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കണം. ഞാൻ പറയാറുള്ളതാണ്. ഇത് ബില്ല് അവതരിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രമേയമാണ്. ഈ പ്രമേയം പാസ്സായിക്കഴിഞ്ഞാൽ മാത്രമേ ബില്ലായി അവതരിപ്പിക്കാൻ കഴിയൂ. പ്രമേയം അവതരിപ്പിക്കണമെന്നാണ് പറയാനുള്ളത്. ശ്രദ്ധിക്കാൻ വേണ്ടി പറഞ്ഞു എന്നു മാത്രമേയുള്ളൂ.

**2012-ലെ കേരള സാമൂഹ്യ ദൂഷണ പരസ്യ നിരോധന ബിൽ**

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 2012-ലെ കേരള സാമൂഹ്യ ദൂഷണ പരസ്യ നിരോധന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി.എൻ.പ്രതാപൻ: . സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൊതുവേ സ്വാഗതാർഹമാണെങ്കിലും അതിന്റെ സബ്സെക്ഷനിൽ പരസ്യങ്ങൾ എന്നതിന്റെ നിർവ്വചനത്തിൽ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിൽ കൂടിയുള്ള സംപ്രേഷണം ഉൾപ്പെടുത്തിയിരിക്കുകയാണ്. പ്രസ്തുത വിഷയം ഭരണഘടനയുടെ ഏഴാം പട്ടികയിലെ ലിസ്റ്റ് 1-ൽ യൂണിയൻ ലിസ്റ്റിൽ ഇനം 31 -ൽ ഉൾപ്പെട്ട വിഷയമായതിനാൽ സംസ്ഥാന സർക്കാരിന് ഇങ്ങനെ ഒരു നിയമം ഉണ്ടാക്കാൻ അധികാരമില്ല. അതുകൊണ്ട് ഇതിനെ പിന്തുണയ്ക്കാൻ നിർവ്വാഹമില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, വർത്തമാനകാല സാമൂഹ്യജീവിതത്തിൽ വിവിധ മേഖലകളിൽ പരസ്യങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്. നൂറ്റാണ്ടുകളായി വിവിധ ഘട്ടങ്ങളിലൂടെ പരസ്യകല വികസിച്ചു വന്നിട്ടുമുണ്ട്. ഇന്ന് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിയാണ് ഈ മേഖല

മുന്നോട്ട് പോകുന്നത്. വാണിജ്യ വ്യവസായിക സേവന മേഖലകളിൽ വരുന്ന പരസ്യങ്ങൾക്ക് യാതൊരുവിധ നിയന്ത്രണവും അധികാരികളുടെ പരിശോധനയും ഇല്ലാത്തതിനാൽ ഇത്തരം അധാർമ്മികമായ പരസ്യങ്ങൾ സമൂഹത്തിൽ വലിയ പ്രശ്നങ്ങളും പ്രതിസന്ധികളുമുണ്ടാക്കുന്ന സാഹചര്യത്തിൽ ഈ രംഗത്ത് ഒരു നിയമനിർമ്മാണം അനിവാര്യമായിരിക്കുന്നു. ആ സാഹചര്യത്തിലാണ് ഈ ബിൽ കൊണ്ടുവരുന്നത്. പല ഉല്പന്നങ്ങളുടെ കാര്യത്തിൽ കുടിലമായ കച്ചവടലാഭം ലക്ഷ്യമാക്കിയുള്ള വസ്തുതാവിരുദ്ധമായ പരസ്യങ്ങൾ വ്യാപകമാണ്. അതുപോലെ ലൈംഗികാതിപ്രസരത്തിലും പരസ്പര സൗഹാർദ്ദം തകർക്കുന്നതിലും ധാർമ്മിക സദാചാര മൂല്യങ്ങൾ നിലയ്ക്കുന്നതിനും പരസ്യങ്ങൾ കാരണമാകുന്നുണ്ട്. ലൈംഗികാതിപ്രസരമുള്ള പരസ്യങ്ങൾ കുടുംബമായി റോഡിലൂടെ സഞ്ചരിക്കാൻ പറ്റാത്ത, ഒന്നിച്ച് ടി.വി. കാണാൻപോലും കഴിയാത്ത സ്ഥിതിവിശേഷം ഇന്നുണ്ടാക്കുന്നുണ്ട്. ധാർമ്മിക സദാചാര മൂല്യങ്ങൾ നിലയ്ക്കുന്നതിനു കാരണമാകുന്ന മോറൽ ഒബ്ലിഗേഷൻ ഇല്ലാത്ത എത്തിക്സിനെതിരായ ചിന്താഗതി വളർത്തുന്ന പരസ്യങ്ങളുമുണ്ട്. മദ്യപാനത്തെ പവിത്രവൽക്കരിക്കുന്ന, അതൊരു മഹത്തായ കാര്യംപോലെ അവതരിപ്പിക്കുന്ന രംഗങ്ങൾ ഇത്തരം പരസ്യങ്ങളിലുള്ളത് കുട്ടികൾക്കും യുവാക്കൾക്കും പ്രചോദനമാകുന്നു എന്നുള്ള കാര്യവുമുണ്ട്. അതുപോലെ തെറ്റിദ്ധാരണ പരത്തുന്ന പരസ്യങ്ങളാൽ ജനങ്ങൾ കബളിപ്പിക്കപ്പെടുന്നുണ്ട്. ഈ അടുത്ത കാലത്ത് ഒരു പ്രോഡക്ടിനെ സംബന്ധിച്ച് വലിയ അന്വേഷണവും നിയമനടപടികളുമൊക്കെ വരികയുണ്ടായി. ഇന്ദുലേഖ എന്നു പറയുന്ന പ്രോഡക്ടിന്റെ ഉപയോഗത്തെ സംബന്ധിച്ചാണ്. .ഈ മരുന്നുകൾ, കോസ്മെറ്റിക്സുകൾ...

<u>മി. സ്പീക്കർ</u> : അങ്ങ് പറഞ്ഞത് തന്നെ ഒരു പരസ്യമായി.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, നിലവിലുള്ള റെലവന്റായ ഉദാഹരണം ചൂണ്ടിക്കാണിച്ചുവെന്ന് മാത്രമേയുള്ളൂ. മെലിയാൻ മരുന്നുകളുണ്ട്, തടിക്കാൻ മരുന്നുകളുണ്ട്. മുടി തഴച്ചുവളരാൻ മരുന്നുകളുണ്ട്, മുടി കറുക്കാൻ മരുന്നുകളുണ്ട്. അങ്ങനെ ആരോഗ്യ സൗന്ദര്യ വർദ്ധക വസ്തുക്കളുടെ പേരിൽ വ്യാപകമായിട്ടുള്ള പരസ്യങ്ങളാണ് വരുന്നത്.

മി. സ്പീക്കർ : താങ്കളുടെ അടുത്ത് ശ്രീ. കെ. എം. ഷാജി ഇരിക്കുന്നുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, അദ്ദേഹം ആ പരസ്യങ്ങളിലൊന്നും പ്പെട്ടിട്ടില്ല. അതുകൊണ്ടാണ് മുടിക്ക് വേണ്ടി മരുന്ന് വാങ്ങാത്തത്. ഏതായാലും ഈ പരസ്യങ്ങളൊന്നും യാതൊരുവിധ ശാസ്ത്രീയ അടിത്തറയും ഇല്ലാതെയാണ് നൽകുന്നത്. ഇത് നിയന്ത്രിക്കപ്പെടേണ്ടതല്ലേ? ആർക്കും എവിടെയും എങ്ങനെയും പരസ്യം ചെയ്യാമെന്ന സ്ഥിതിയാണ്. ഇതൊക്കെ പരിശോധിക്കാനും നിയന്ത്രിക്കാനും ആധികാരികമായ ഒരു സമിതി പോലുമില്ല. ഇത് നിയന്ത്രിക്കുവാൻ ഒരു നിയമം വേണ്ടതല്ലേ? അതുപോലെ റോഡിലെ നഗ്നമായ പല പരസ്യങ്ങളും വലിയ അപകടങ്ങൾക്ക് കാരണമാകുന്നുണ്ട്. ഈ പരസ്യങ്ങൾക്കൊക്കെ ഒരു നിയന്ത്രണം ഉണ്ടാകണം. അതിനൊരു നിയമം വേണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. ഞാനിവിടെ കൊണ്ടുവരുന്ന നിയമത്തിൽ പരസ്യങ്ങൾ നിയന്ത്രിക്കാനുള്ള ധാരാളം വ്യവസ്ഥകളുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ച നിയമപരമായ പ്രശ്നം ഇതിൽ വരില്ല എന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്. ഇതിൽ പരസ്യത്തെക്കുറിച്ച് വിവക്ഷിക്കുന്നത്. "പരസ്യങ്ങളെന്നാൽ അച്ചടിച്ചതോ ഫോട്ടോസ്റ്റാറ്റ് എടുത്തതോ ഡി.റ്റി.പി. ചെയ്തതോ കൈയ്യക്ഷരത്താലുള്ളതോ

പെയിന്റിംഗ് ചെയ്യപ്പെട്ടതോ ആയ കാര്യങ്ങളും ഡിസൈനുകളോ ചിത്രങ്ങളോ എന്നിവയും പ്രദർശിപ്പിക്കുന്നതോ അല്ലെങ്കിൽ പൊതുസ്ഥലത്തോ കെട്ടിടങ്ങളിലോ ഏതെങ്കിലും ചുവരിലോ പതിക്കപ്പെടുന്നതും അല്ലെങ്കിൽ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ കൂടി സംപ്രേഷണം ചെയ്യുന്നതും വിളംബരം ചെയ്യപ്പെടുന്നതും എന്നർത്ഥമാകുന്നു" എന്നാണ്. അതുപോലെ "ലഹരി വസ്തുവെന്നാൽ മനുഷ്യശരീരത്തിനുള്ളിലേയ്ക്ക് കഴിച്ചാലോ ശരീരഭാഗങ്ങളിൽ എവിടെയെങ്കിലും പുരട്ടുകയോ തിരുകി വയ്ക്കുകയോ ചെയ്താൽ ലഹരിയോ ഉത്തേജകമോ മതിഭ്രമമോ ഉണ്ടാകുകയും ചെയ്യുന്ന വസ്തു എന്ന് അർത്ഥമാകുന്നു". സാമൂഹ്യദൂഷ്യ പരസ്യങ്ങളുടെ നിരോധനത്തെക്കുറിച്ച് ഇവിടെ പറയുന്നത്, "സാമൂഹ്യ ദൂഷണ പരസ്യങ്ങളുടെ നിരോധനമെന്നു പറഞ്ഞാൽ ഏതൊരു വ്യക്തിയും പൊതുസ്ഥലത്ത് സ്വന്തമായോ അല്ലെങ്കിൽ മറ്റൊരു വ്യക്തി അഥവാ ഏജൻസി മുഖേനയോ സാമൂഹിക ദൂഷണത്തിന്, സോഷ്യൽ ഈവിൾസിന് ഹേതുവാകുന്ന പരസ്യങ്ങൾ തയ്യാറാക്കുവാനോ പ്രസിദ്ധീകരിക്കുവാനോ വിതരണം ചെയ്യുവാനോ വിൽക്കുവാനോ പതിക്കുവാനോ പ്രദർശിപ്പിക്കുവാനോ അല്ലെങ്കിൽ തന്റെ സ്ഥലമോ കെട്ടിടമോ പ്രസ്തുത ആവശ്യത്തിന് ഉപയോഗപ്പെടുത്തുവാനോ മറ്റുള്ളവർക്ക് നൽകുന്നതോ പാടില്ലാത്തതാണ്." എന്നാണ്. ഇതാണ് ഈ നിയമത്തിന്റെ ഏറ്റവും എസൻഷ്യലായിട്ടുള്ള വശം. മരുന്നുകളെ സംബന്ധിച്ച പരസ്യങ്ങളെക്കുറിച്ച് വ്യക്തമായ ഒരു ഖണ്ഡിക, ഒരു വകുപ്പുതന്നെ ഇതിൽ നൽകിയിട്ടുണ്ട്. ശാരീരികമായോ മാനസികമായോ ഏതെങ്കിലും രോഗങ്ങൾ സുഖമാക്കുന്നതിനു വേണ്ടിയുള്ളതും എന്നാൽ നിശ്ചിത പരീക്ഷണ നിരീക്ഷണങ്ങൾക്ക് ശേഷം ബന്ധപ്പെട്ട അധികൃതരിൽ നിന്നോ സമിതികളിൽ

നിന്നോ അംഗീകാരമോ വില്പന അനുമതിയോ ലഭിച്ചിട്ടില്ലാത്തതുമായ മരുന്നുകളെ സംബന്ധിച്ച് യാതൊരു പരസ്യവും ചെയ്യാൻ പാടില്ലാത്തതാണ് എന്ന രീതിയിൽ പരസ്യങ്ങൾക്ക് ഒരു നിയന്ത്രണം കൊണ്ടുവരാൻ ഒരു നിയമം അനിവാര്യമാണ്.

ശ്രീ. ഇ. പി. ജയരാജൻ : സർ, ഈ ആധുനിക കാലഘട്ടത്തിൽ കേരളത്തിൽ ഈ നിയമമുണ്ടാക്കിയതുകൊണ്ടുമാത്രം പരസ്യത്തിന്റെ കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ കഴിയുമോ?

മി. സ്പീക്കർ : ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങ് ഇരിക്കണം. അടുത്ത ബില്ലിലേയ്ക്ക് പോകണം.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, ഇവിടെ നാഷണൽ ഹൈവേയുടേയും പി.ഡബ്ല്യു.ഡി. കളുടേയും റോഡുകളിലെല്ലാം വ്യാപകമായ രീതിയിൽ കണ്ണഞ്ചിപ്പിക്കുന്ന വെളിച്ചത്തോടുകൂടിയ പരസ്യങ്ങൾ വയ്ക്കുകയും ബോർഡുകൾ വയ്ക്കുകയും ചെയ്യുന്നു. പി.ഡബ്ല്യു.ഡി. വകുപ്പ് അടിയന്തരമായി ഇടപെട്ട് അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. വകുപ്പുമന്ത്രി ഇവിടെ ഇരിക്കുന്നു. അത് നിർബന്ധമായും തടയേണ്ടതില്ലേ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വളരെ ഓബ്സീനായിട്ടുള്ള ബോർഡുകളാണ് ഡ്രൈവർമാരുടെയും വാഹനം ഓടിക്കുന്നവരുടെയും ശ്രദ്ധ മാറ്റുന്നതും അപകടമുണ്ടാക്കുന്നതിനും ഇടവരുത്തുന്നത്. പുതുതായി പി.ഡബ്ല്യു.ഡി. ആവിഷ്ക്കരിക്കുന്ന റോഡ് പോളിസിയിൽ ഇത് പ്രധാന ഒരു ഐറ്റമായി ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ശ്രീ. ഇ.പി. ജയരാജൻ ചൂണ്ടിക്കാണിച്ചത് ഇത്തരം പരസ്യങ്ങൾ സംസ്ഥാനത്തിനപ്പുറത്തേയ്ക്കുള്ള സംഗതിയെ സംബന്ധിച്ചാണ്. സ്റ്റേറ്റ് സെൻട്രൽ കൺകറൻസ് ലിസ്റ്റിൽ ഇതെവിടെയും പറഞ്ഞിട്ടില്ല. ആ സ്ഥിതിക്ക് സംസ്ഥാന നിയമസഭയിൽ ചർച്ച ചെയ്യാവുന്നതാണ്.

മി. സ്പീക്കർ : നോ...........നോ...........കഴിഞ്ഞു.......ചർച്ച തുടരുന്നതാണെന്ന് പറഞ്ഞുകൊണ്ട് ശ്രീ. എൻ. ഷംസുദ്ദീൻ നിർത്തി.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : സർ, ഈ ബിൽ അവതരിപ്പിക്കുന്നത് അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ്. അപ്പോൾ ഇതുപോലെയുള്ള ഏതെങ്കിലും വരുന്നതിന്റെ നിരാശയിൽ നിന്ന് ഈ ബിൽ വന്നതാണോ എന്നുള്ള സംശയമാണ് എനിക്കുള്ളത്.

ശ്രീ. വി. എസ്. സുനിൽകുമാർ : സർ, ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച ബില്ലിനകത്ത് വളരെ പ്രസക്തമായ ഒരു കാര്യമുണ്ട്. അദ്ദേഹം പറഞ്ഞത് സ്വഭാവദൂഷ്യം മാത്രമല്ല, നമ്മുടെ വിശ്വാസത്തെത്തന്നെ ചോദ്യം ചെയ്യുന്ന അല്ലെങ്കിൽ ചൂഷണം ചെയ്യുന്ന ................ ഗുരുവായൂരപ്പന്റെ തൊട്ടടുത്താണ് വീട് അല്ലെങ്കിൽ ഫ്ളാറ്റെന്ന് പറഞ്ഞ് ഗുരുവായൂരമ്പലവുമായി യാതൊരു ബന്ധവുമില്ലാത്ത ഇരുപത്തഞ്ച് കി.മീ. അപ്പുറത്ത് ഫ്ളാറ്റ് ഉണ്ടാക്കി വഞ്ചിക്കുന്ന ഒരുപാട് സംഭവങ്ങൾ ഉണ്ട്. അതുംകൂടി ഇതിൽ ഉൾപ്പെടുത്തണം.

മി. സ്പീക്കർ : അതെല്ലാം തെറ്റാണ്.

ശ്രീ. വി. എസ്. സുനിൽകുമാർ : സർ, വിശ്വാസങ്ങളെ ഉപയോഗപ്പെടുത്തുന്നതും ദുരുപയോഗപ്പെടുത്തുകയും ചെയ്യുന്നത് ഇതിൽ ഉൾപ്പെടുത്തണം.

മി. സ്പീക്കർ : തീർച്ചയായിട്ടും ഉൾപ്പെടുത്തണം. (ചർച്ച തുടരും)

**2012-ലെ കേരള സംസ്ഥാന വീഡിയോ ഫോട്ടോഗ്രാഫി രംഗത്തെ ജോലികൾ ചെയ്യുന്നവർക്ക് ക്ഷേമനിധി ബിൽ**

ശ്രീ. പാലോട് രവി : സർ, 2012-ലെ കേരള സംസ്ഥാന വീഡിയോ ഫോട്ടോഗ്രാഫി രംഗത്തെ ജോലികൾ ചെയ്യുന്നവർക്ക് ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, സംസ്ഥാന ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇനി പുതിയ ക്ഷേമനിധികൾ രൂപീകരിക്കേണ്ട എന്നാണ് തീരുമാനം. നിലവിൽ ഒട്ടനവധി ക്ഷേമനിധികളുണ്ട്. അതൊന്നുംതന്നെ ഫലപ്രദമല്ല. എന്നാൽ ക്ഷേമനിധി പ്രവർത്തനങ്ങൾ ആവശ്യമായിട്ടുള്ള വിഭാഗങ്ങളുണ്ട്. ഉദാഹരണത്തിന് അദ്ദേഹം സൂചിപ്പിച്ച വീഡിയോ ഫോട്ടോഗ്രാഫി രംഗത്ത് ജോലി ചെയ്യുന്ന വിഭാഗം. അവർക്ക് നിലവിലുള്ള ആർട്ടിസാന്റ്സ് ബോർഡിൽ അംഗങ്ങളായി അതിന്റെ ക്ഷേമനിധിയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതുകൊണ്ട് പുതുതായി ഒരു ക്ഷമനിധി രൂപീകരിക്കുന്നത് ബുദ്ധിമുട്ടാണ്.

ശ്രീ. പാലോട് രവി : സർ, ശാസ്ത്ര സാങ്കേതികരംഗത്ത് വളരെ മാറ്റമുണ്ടായി. അൻപ്പതുകളിലും അറുപതുകളിലും എഴുപതുകളിലും ഉണ്ടായ ക്ഷേമനിധി മതിയെന്ന് ബഹുമാനപ്പെട്ട മന്ത്രി പിടിവാശി കാണിക്കരുത്. ആർട്ടിസാന്റ്സ് നിയമം ഈ നിയമസഭ പാസ്സാക്കിയതാണ്. അതൊന്നുമല്ല നമ്മുടെ ശാസ്ത്ര സാങ്കേതികരംഗം. അവിടെയൊന്നുമല്ല വീഡിയോയും ഫോട്ടോഗ്രാഫിയും നിൽക്കുന്നത്. ആ ബില്ലിന്റെ പരിധിക്കകത്തൊന്നും വരുന്നില്ല. കാലത്തിനൊത്ത് കോലമുണ്ടാക്കണമെന്ന് പറഞ്ഞതുപേലെ ഇന്ന്

ഏറ്റവും കൂടുതൽ നമ്മുടെ സമൂഹത്തെ സ്വാധീനിക്കുന്ന ഒന്നാണ് വീഡിയോയും, ഫോട്ടോഗ്രാഫിയും. നമ്മുടെ സംസ്ഥാനത്ത് ഏതാണ്ട് 75,000 -ത്തോളം ആളുകൾ ഈ രംഗത്തു പ്രവർത്തിക്കുന്നുണ്ട്. ഈ രംഗത്തുള്ളവരുടെ സംഘടനയുടെ ഒരു ലിസ്റ്റ് ഞാൻ വായിക്കുകയുണ്ടായി. 75,000 -ത്തോളം വിദഗ്ദ്ധ തൊഴിലാളികൾ ഈ വീഡിയോ ഫോട്ടോഗ്രാഫി രംഗത്ത് ജോലിയിൽ ഏർപ്പെട്ടിരിക്കുകയാണ്. ഇന്നത്തെ കാലഘട്ടത്തിൽ അതൊരു പ്രത്യേക രംഗമാണ്, അങ്ങ് പറയുന്നതുപോലെ ആർട്ടിസാന്റ്സ് രംഗമെന്ന് പറയുന്നത് ഫോട്ടോഗ്രാഫി രംഗമെന്നും, വീഡിയോഗ്രാഫി രംഗമെന്നും പറഞ്ഞാൽ ഇതൊഴിവാക്കികൊണ്ട് ഏതെങ്കിലും മേഖല ഈ സംസ്ഥാനത്തുണ്ടോ? അങ്ങ് പങ്കെടുക്കുന്ന ചടങ്ങുകൾ ഉൾപ്പെടെ ഇത് രണ്ടുമില്ലാത്ത ഏതെങ്കിലും ഒരു ചടങ്ങ് ഇന്ന് കേരളത്തിലുണ്ടോ? അതുകൊണ്ട് വളരെ പ്രാധാന്യം നൽകി ഈ സ്കിൽഡ് വർക്കിന് പ്രോത്സാഹനം നൽകാനും പുതിയ ടെക്നോളജി ആ രംഗത്ത് കൊണ്ടുവരുന്നതിനും ആ മേഖലയിൽ പണിയെടുക്കുന്നവർക്ക് തൊഴിലുറപ്പ് വരുത്തുന്നതിനും സംസ്ഥാനത്തിന്റെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും അവർക്കത്യാവശ്യമായ കൂലി കിട്ടുന്നുണ്ടോ എന്നു നോക്കാനും മറ്റു പല കടന്നാക്രമണങ്ങളിൽ നിന്നും ഈ മേഖലയെ രക്ഷിക്കുന്നതിനുംവേണ്ടിയുള്ള ഒരു ബില്ലാണ് ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി അനുബന്ധ തൊഴിലുകൾ ചെയ്യുന്നവർക്ക് പ്രത്യേക ക്ഷേമനിധി ഉണ്ടായാലേ മതിയാകുകയുള്ളു.

ശ്രീ. എം. ചന്ദ്രൻ : സർ, അങ്ങ് ഇവിടെ ഫോട്ടോഗ്രാഫിയുടെ കാര്യങ്ങളാണ് പറഞ്ഞുകൊണ്ടിരിക്കുന്നത് വിവാഹ സന്ദർഭങ്ങളിൽ താലിക്കെട്ടുന്ന

തുവരെ ഇപ്പോൾ ഫോട്ടോഗ്രാഫർമാരാണ് നിശ്ചയിക്കുന്നതെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? പലപ്പോഴും നിയന്ത്രിക്കുന്നതും താലി എങ്ങനെ കെട്ടണം എപ്പോൾ കെട്ടണം മാല എപ്പോൾ ഇടണമെന്നൊക്കെ തീരുമാനിക്കുന്നത് വീട്ടുകാരും ബന്ധുക്കളുമല്ല. ഇപ്പോൾ ഫോട്ടോഗ്രാഫർമാരും വീഡിയോഗ്രാഫർമാരുമാണ് നിയന്ത്രിക്കുതെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പാലോട് രവി : സർ, മുഖ്യഘടകമെന്ന് പറയുന്നതുപോലെ ഇന്ന് ദൈനംദിന ജീവിതത്തിൽ പ്രത്യേകിച്ച് എം.എൽ.എ. കൂടിയായ അങ്ങേയ്ക്കറിയാവുന്ന കാര്യമാണ് ഇതൊരു അവിഭാജ്യ ഘടകമാണ് എന്നുള്ളത്. ഈ വിവര സാങ്കേതികവിദ്യ ഈ വൈജ്ഞാനിക നൂറ്റാണ്ടിൽ വളരെ പ്രാധാന്യമുള്ള ഒരു മേഖലയാണിത്. ടെക്നോസിറ്റിയെക്കുറിച്ചും ടെക്നോപാർക്കുകളെക്കുറിച്ചും knowledge city -യെക്കുറിച്ചുമൊക്കെ ആലോചിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, പല പ്രതിസന്ധികളും അതിജീവിച്ചുകൊണ്ട് ഈ രംഗത്ത് പ്രവർത്തിക്കുന്നവരുടെ സംരക്ഷണം ഉറപ്പുവരുത്തണം. അവർക്ക് ഒരു റെക്കഗ്നിഷനും ഇല്ല. വീഡിയോക്യാമറയും തൂക്കികൊണ്ട് നടക്കുന്നവർക്ക് ഒരു തിരിച്ചറിയൽ കാർഡുപോലുമില്ല. സീനിയർ സിറ്റിസൺഷിപ്പിനെക്കുറിച്ചൊക്കെ പറയുന്നു. ഈ മേഖലയിൽ ജോലിയെടുക്കുന്ന 60 വയസ്സുകഴിഞ്ഞ ഒട്ടനവധി ആളുകളുണ്ട്. വീഡിയോഗ്രാഫി രംഗത്തും ഫോട്ടോഗ്രാഫി രംഗത്തും അവർക്ക് യാതൊരു സംരക്ഷണവും ഇല്ല. അവർക്ക് പെൻഷനും ക്ഷേമനിധിയുമില്ല. അതെല്ലാം ആർട്ടിസാന്റ്സ് കോർപ്പറേഷനിൽ ഉണ്ടെന്നുപറഞ്ഞാൽ അവിടത്തെ അവസ്ഥ ഒരു തൊഴിലാളി പ്രവർത്തകൻ കൂടിയായതുകൊണ്ട് എനിക്ക് നന്നായി അറിയാം. അതു

കൊണ്ട് ഇതിന് പ്രത്യേക പരിഗണന നൽകുന്നതിന് അങ്ങ് തീരുമാനമെടുക്കണം. ഈ സഭയിൽ ഈറ്റത്തൊഴിലാളികൾക്കും അതുപോലെ ബാംബു കോർപ്പറേഷനിൽ ജോലി എടുക്കുന്ന പാവപ്പെട്ട തൊഴിലാളികൾക്കുവേണ്ടി ഞാൻ ഒരു ബിൽ അന്ന് അവതരിപ്പിച്ചപ്പോൾ ക്യാബിനറ്റ് എതിരായിരുന്നു. ശ്രീ. ഷിബു ബേബിജോണിന്റെ പിതാവ് അന്നത്തെ തൊഴിൽവകുപ്പുമന്ത്രിയായിരുന്നു. അദ്ദേഹം ഈ ഗവൺമെന്റിന്റെ കാലാവധി തീരുന്നതിനുമുമ്പ് ക്യാബിനറ്റ് എതിരാണെങ്കിലും ബി.പി.എൽ. മേഖലയിലുള്ള ഒരു വിഭാഗമെന്നുള്ള നിലയിൽ അവർക്കുവേണ്ടി ബിൽ കൊണ്ടുവരുന്നതാണെന്ന് ഈ സഭയ്ക്ക് ഉറപ്പു നൽകുകയും ആ ബിൽ ഇവിടെ കൊണ്ടുവരികയും ചെയ്തു. അതുപോലെ പ്രാധാന്യമുള്ള ഒരു മേഖല എന്ന നിലയ്ക്ക് അങ്ങ് ഈ ഗവൺമെന്റിന്റെ കാലാവധി തീരുന്നതിനു മുമ്പുതന്നെ ഈ വിഭാഗക്കാർക്കു വേണ്ടിയുള്ള ബിൽ കൊണ്ടുവരണം.

മി. സ്പീക്കർ : ചർച്ച തുടരാവുന്നതാണ്. (ചർച്ച തുടരും)

**2012-ലെ കേരള സംസ്ഥാന കേബിൾ ടെലിവിഷൻ ഓപ്പറേറ്റിംഗ് രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ**

ശ്രീ. പാലോട് രവി: സർ, 2012-ലെ കേരള സംസ്ഥാന കേബിൾ ടെലിവിഷൻ ഓപ്പറേറ്റിംഗ് രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വർക്കല കഹാർ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഞാൻ നേരത്തെ പറഞ്ഞതുപോലെ പുതിയ ക്ഷേമനിധികളെക്കുറിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാടോടുകൂടിത്തന്നെയാണ് ഗവൺമെന്റ്

മുന്നോട്ട് പോകുന്നത്. എന്റെ പിതാവടക്കം പല തൊഴിൽ വകുപ്പുമന്ത്രിമാരും സദുദ്ദേശപരമായി പല ക്ഷേമനിധികൾക്കും തുടക്കം കുറിച്ചെങ്കിലും അതൊന്നും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. എണ്ണം അപര്യാപ്തമാണ്. ഓരോരുത്തരുടേയും ഡിമാന്റനുസരിച്ച് ഓരോ ക്ഷേമനിധിയും തുടങ്ങുന്നു. അത് self sustainable ആയി പോകുന്നില്ല. അഡ്മിനിസ്ട്രേറ്റീവ് കോസ്റ്റ് കൂടുതലാണ്. അതുകൊണ്ട് സമൂലമായ ഒരു മാറ്റം ആവശ്യമാണ്. ഇതുപോലെ അർഹതപ്പെട്ട ജനവിഭാഗങ്ങൾക്ക് ക്ഷേമ പെൻഷൻ ഉൾപ്പെടെയുള്ള ബാക്കികാര്യങ്ങൾ എത്തിക്കണമെന്ന് നിർബന്ധമുണ്ടെങ്കിലും അതിന് ഓരോന്നിനും പ്രത്യേകം ക്ഷേമനിധി ആരംഭിക്കുന്നത് ഫലപ്രദമല്ലെന്ന് കണ്ടുകൊണ്ടാണ് ഇത്തരം ക്ഷേമപദ്ധതികളൊക്കെ ചില ബോർഡുകളുടെ കീഴിൽ കൊണ്ടുവരുന്നത്. അതുകൊണ്ടാണ് ഞാൻ നേരത്തെ അവതരിപ്പിച്ച ബില്ലിന് പറഞ്ഞത് വീഡിയോഗ്രാഫേഴ്സ് എന്നുള്ള നിലയിൽ ആർട്ടിസാന്റ്സ്-ന്റെ കീഴിൽ കൊണ്ടുവന്നാൽ അത് effective-ആകും. ഇത്തരം മേഖലയിലുള്ളവരെയെല്ലാം സോഷ്യൽ സെക്യൂരിറ്റീസ് ആക്ട്പ്രകാരം അൺഓർഗനൈസ്ഡ് ബോർഡ് ശക്തിപ്പെടുത്തിക്കൊണ്ട്, ഇനിയും ക്ഷേമനിധി എത്താത്ത എല്ലാ വിഭാഗങ്ങളേയും അൺഓർഗനൈസ്ഡ് സെക്ടറിന്റെ കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതുകൊണ്ടു തന്നെ ഇതിനായി പ്രത്യേകം ഒരു ക്ഷേമനിധി കൊണ്ടുവരാൻ സാധ്യമല്ല.

ശ്രീ. പാലോട് രവി: സർ, എനിക്ക് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പു മന്ത്രിയോട് പറയാനുള്ളത്, ഈ മേഖലയെക്കുറിച്ച് അങ്ങ് ഇപ്പോൾ മനസ്സിലാക്കിയിരിക്കുന്നതുപോലെ കുറച്ചുകൂടി കാര്യങ്ങൾ മനസ്സിലാക്കണമെന്നതാണ്. വളരെ പ്രധാനപ്പെട്ട ഒരു ബിൽ ആണ്. ബഹുമാനപ്പെട്ട പി. ശ്രീരാമ

കൃഷ്ണൻ ശ്രദ്ധക്ഷണിക്കൽ കൊണ്ടുവന്ന വിഷയമാണ്. ഇന്ത്യയിലെ കേബിൾ ടി.വി സംവിധാനം വളർന്ന് വികസിച്ചത് കഴിഞ്ഞ 20 വർഷക്കാലം കൊണ്ടാണ്. പത്ത് കോടിയോളം കേബിൾ ടി.വി വരിക്കാർ ഇന്ത്യയിലുണ്ട്. ദൃശ്യമാധ്യമങ്ങളുടെ വളർച്ചയിൽ ഒട്ടേറെ മൾട്ടീനാഷണൽ കമ്പനികളും കോർപ്പറേറ്റ് കമ്പനികളും പങ്കാളികളായിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണ്. ആ കാലഘട്ടത്തിൽ മാധ്യമ വിതരണ മേഖലയിൽപ്പെടുന്ന കമ്പനികളുടെ മുഖ്യ എതിരാളി പ്രാദേശിക കേബിൾ ടി.വി ശൃംഖലകളാണ്. കേരളം പോലെയുള്ള ഒരു സംസ്ഥാനം വളരെ ഗൗരവപൂർവ്വം കാണേണ്ട കാര്യമാണ്. വൻകിട കമ്പനികളുടെ കേബിൾ ശൃംഖലകൾക്കും ഡി.റ്റി.എസ് കമ്പനി കൾക്കും പ്രതിബന്ധമാകുന്നത് പ്രാദേശിക കേബിൾ ചാനലുകളുടെ ജനസ്വാ ധീനവും കേബിൾ ടി.വി ഓപ്പറേറ്റർമാരുടെ സാമൂഹ്യബന്ധങ്ങളുമാണ്. വൻകിട കോർപ്പറേറ്റുകൾക്ക് പ്രാദേശിക ചാനൽ നടത്തുന്നത് എളുപ്പമല്ല. ഈ സാഹചര്യത്തിൽ പ്രാദേശിക ചാനലുകളെ ഇല്ലായ്മ ചെയ്തുകൊണ്ട് ദൃശ്യമാധ്യമങ്ങളുടെ വിതരണ ശൃംഖല പൂർണ്ണമായും കയ്യടക്കുവാനുള്ള നിഗൂഢ തന്ത്രമാണ് പ്രാദേശിക ചാനൽ നിരോധനത്തിലൂടെ നമ്മുടെ രാജ്യത്ത് പുറത്തുവരാൻ പോകുന്നത്. ലക്ഷക്കണക്കിന് ആളുകളാണ് ഈ പ്രാദേശിക ചാനൽരംഗത്ത് പ്രവർത്തിക്കുന്നന്നത്. പ്രാദേശിക ചാനലുകളെ ഇല്ലായ്മ ചെയ്യാനുള്ള വൻകിട കോർപ്പറേറ്റ് കമ്പനികളുടെ പ്രവർത്തന ങ്ങൾക്ക് പ്രതിരോധം സൃഷ്ടിക്കുന്നതിന് ഇത്തരത്തിലുള്ള ഒരു സംരക്ഷണ നിയമം നമ്മുടെ സംസ്ഥാനത്ത് ആവശ്യമാണ്. കേരളത്തിലെ പ്രാദേശിക ചാനലുകളിൽ ഒന്നുപോലും ഒരു ദേശീയവിരുദ്ധ നിലപാട് സ്വീകരിച്ചതായി ഇതുവരെ കേട്ടിട്ടില്ല. വളരെ പുരോഗമനാത്മകമായ പ്രവർത്തനമാണ് ഈ

ചാനലുകൾ നടത്തിവരുന്നത്. പ്രകൃതിക്ഷോഭങ്ങളിലും അപകടങ്ങളിലും നിസ്തുലമായ പ്രവർത്തനമാണ് പ്രാദേശിക ചാനലുകൾ നടത്തിക്കൊണ്ടിരിക്കുന്നത്. രാഷ്ട്രീയ-സാമൂഹ്യ വിവാദങ്ങളിലും മറ്റും ഇടപെടാതെ പുരോഗമനാത്മകമായ മാധ്യമ പ്രവർത്തനത്തിലാണ് കേബിൾ ചാനലുകൾ ശ്രദ്ധിക്കുന്നത്. നമ്മുടേതുപോലെയുള്ള ഒരു ജനാധിപത്യ രാജ്യത്ത് ഇത്തരം പ്രാദേശിക മാധ്യമ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നത് ഒരു ജനകീയ ഗവൺമെന്റിന്റെ പ്രധാനപ്പെട്ട ഉത്തരവാദിത്വമായി ഞാൻ കാണുകയാണ്. അതുകൊണ്ട് അങ്ങ് ഈ ബിൽ ഗൗരവതരമായി കാണണമെന്ന് അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി വകുപ്പുമന്ത്രി ഇവിടെ ഇരിപ്പുണ്ട്. കേബിൾ ടി.വി-യുടെ ആവശ്യത്തിനുവേണ്ടി ഉപയോഗിക്കുന്നത് വൈദ്യുതി പോസ്റ്റുകളാണ്. അവിശ്വസനീയമാംവിധം വാടക ഉയർത്തിയിരിക്കുകയാണ്. 1998 വരെ കേബിൾ വലിക്കുന്നതിന് ഒരു രൂപയായിരുന്നു വാർഷിക വാടക. ഇപ്പോൾ ഒറ്റയടിക്ക് 311 രൂപയാക്കി. വളരെ ഗൗരവമായി നമ്മൾ കാണണ്ടേ? കൂടാതെ ഓരോ വർഷവും അഞ്ച് ശതമാനം വർദ്ധനവ് കൂടി നല്കണം. പുതുതായി പോസ്റ്റ് എടുക്കുന്നവരിൽ നിന്നും ഈ തുകയുടെ മൂന്നിരട്ടി മുൻകൂറായി ഈടാക്കുകയും ചെയ്യുന്നു. ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള ഭീമമായ ഈ പുതിയ നിരക്ക് കേബിൾ ടി.വി സർവ്വീസ് തുടരുന്നതിനെക്കുറിച്ച് ചിന്തിക്കാൻപോലും കഴിയാത്ത കാര്യമാണ്. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ഇതിനെ സംബന്ധിച്ച് ചർച്ച തുടരുമ്പോൾ അങ്ങും ക്യാബിനറ്റും വളരെ ഗൗരവത്തോടുകൂടി ഈ വിഷയത്തെ കാണണം. നമ്മുടെ സ്വത്വവും സാംസ്കാരിക പാരമ്പര്യവും നിലനിറുത്താനും മനുഷ്യബന്ധങ്ങളെ ശക്തിപ്പെടുത്തുന്നതിനും ശിഥിലമായിക്കൊണ്ടിരിക്കുന്ന ബന്ധങ്ങളുടെ

ശൈഥില്യം ഇല്ലാതാക്കാനും കേബിൾ ടി.വി ചെയ്യുന്ന സംഭാവന നിസ്സാരമല്ല എന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് അങ്ങ് ഇത് പുനരാലോചിക്കണം എന്നുകൂടി പറഞ്ഞുകൊണ്ട്, മറ്റ് കാര്യങ്ങൾ ചർച്ചയിൽ പിന്നീട് വിശദീകരിക്കുന്നതാണ്.

മി. സ്പീക്കർ: അങ്ങേയ്ക്ക് ചർച്ച തുടരാവുന്നതാണ്.

(ചർച്ച തുടരും)

**2012-ലെ കേരള പൊതു തൊഴിൽ പരിശീലന സേവന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ബിൽ**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, 2012-ലെ കേരള പൊതു തൊഴിൽ പരിശീലന സേവന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വർക്കല കഹാർ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചിരിക്കുന്നത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. പക്ഷേ ഈ മേഖലയിൽ വളരെയേറെ ചൂഷണം നടക്കുന്നുണ്ട്, കോമ്പീറ്റന്റ് അല്ലാത്തൊരു ട്രെയിനിംഗിലേയ്ക്ക് ആളുകൾ കടന്നുവരുന്നുണ്ട്. ഇതെല്ലാം ശ്രദ്ധയിൽപ്പെട്ടതുകൊണ്ട് ഗവൺമെന്റുതന്നെ ഇങ്ങനെ ഒരു ബിൽ കൊണ്ടുവരാൻ തീരുമാനിച്ചിരിക്കുകയാണ്. അതിന്റെ പ്രോസസ്സ് നടന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ അവതരിപ്പിച്ച ബില്ലിന്റെ സദുദ്ദേശത്തെ ഗവൺമെന്റ് സ്വാഗതം ചെയ്യുന്നു. മി. സ്പീക്കർ: ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അങ്ങേയ്ക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഗവൺമെന്റ്തന്നെ അതിനുള്ള നീക്കം നടത്തുന്നു എന്നത് വളരെ സ്വാഗതാർഹമാണ്. സംസ്ഥാനത്ത് വിവിധതരം തൊഴിൽ പഠനത്തിനും പരിശീലനത്തിനും സേവ

നത്തിനുംവേണ്ടി പ്രവർത്തിച്ചുവരുന്ന ഒട്ടേറെ സ്ഥാപനങ്ങളുണ്ട്. ഈ സ്ഥാപനങ്ങൾ നല്കുന്ന സർട്ടിഫിക്കറ്റുകൾക്ക് യാതൊരു ആധികാരികതയും ഇല്ലെന്ന കാരണത്താൽ വ്യാജഗണത്തിലാണ് ഇവ പരിഗണിക്കപ്പെടുന്നത്. വ്യാപകമായ പ്രലോഭനങ്ങളിലും പ്രചാരണങ്ങളിലുംപ്പെട്ട് പതിനായിരക്കണക്കിന് വിദ്യാർത്ഥികൾക്ക് ഫീസിനത്തിൽ ഭീമമായ തുകയും ഭാവിയും നഷ്ടപ്പെടുകയാണ്. ഇത്തരം സ്ഥാപനങ്ങൾക്ക് അംഗീകാരം കൊടുക്കാൻ തയ്യാറായാൽ അത് ഏറെ ഫലപ്രദമാകും. അത് പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തി അംഗീകാരം കൊടുക്കുന്ന സംവിധാനമാണ് ഉണ്ടാകേണ്ടത്. നമ്മുടെ രാജ്യത്ത് സാങ്കേതിക വിദ്യാഭ്യാസരംഗത്തും തൊഴിലധിഷ്ഠിത വിദ്യാഭ്യാസ രംഗത്തും സ്വാതന്ത്ര്യത്തിനുമുമ്പുതന്നെ ചില ചുവടുവയ്പ്പുകൾ ഉണ്ടായിട്ടുണ്ട്. 1913-ൽ പഞ്ചസാരമില്ലുകളുടേയും ടെക്സ്റ്റൈൽ, ലെതർ ടെക്നോളജി മേഖലകളിലുമൊക്കെ ഒതുങ്ങിനിന്നിരുന്ന നമ്മുടെ സാങ്കേതിക വിദ്യാഭ്യാസ മേഖല 1945 മുതൽ എ.ഐ.സി.റ്റി.ഇ. നിലവിൽ വന്നതോടെ പുതിയ ഭാവവും രൂപവും കൈവന്നു. സാങ്കേതിക വിദ്യാഭ്യാസ വികസനം, ഗവേഷണം സഹകരണ മനോഭാവം തുടങ്ങിയവയിലൂടെ ഗുണമേന്മ ഉറപ്പുവരുത്താനാണ് ഈ സംവിധാനം നിലവിൽ വന്നത്. 1987-ൽ ഒരു എ.ഐ.സി.റ്റി.ഇ. ആക്ടും പാർലമെന്റിൽ നിലവിൽവന്നു. കേന്ദ്ര സർക്കാരിന്റെ നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷൻ, സൂക്ഷ്മമായി ഗുണമേന്മ ഉറപ്പുവരുത്തുന്ന ഈ മേഖലയിലും വ്യാപകമായ അനംഗീകൃത സ്ഥാപനങ്ങളുണ്ട് എന്നാണ് ഏതാനും ദിവസംമുമ്പ് കേന്ദ്ര മന്ത്രി ശ്രീ. കപിൽ സിബൽ വ്യക്തമാക്കിയത്. 201 അനംഗീകൃത സാങ്കേതിക സ്ഥാപനങ്ങൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നു എന്നദ്ദേഹം വ്യക്തമാക്കുകയുണ്ടായി. കേരളത്തിൽ

തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നല്കിയാണ് 1950-ൽ ക്രാഫ്റ്റ്സ്മാൻ ട്രേഡിംഗ് സ്കീം ആരംഭിച്ചത്. അത് വിപുലീകരിക്കാനാണ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററായി അവ രൂപാന്തരപ്പെട്ടത്. ഇവയുടെ വികസനവും വളർച്ചയും നമ്മുടെ സംസ്ഥാനത്തിന് ഏറെ അത്യന്താപേക്ഷിത മായിരിക്കുകയാണ്. 500 ദശലക്ഷം വിദഗ്ദ്ധ തൊഴിലാളികൾ 2020 ആകു മ്പോഴേയ്ക്കും ലോകത്തിനാവശ്യമായി വരുമെന്നാണ് ഈ രംഗത്തെ പ്രഗ ത്ഭരുടെ കണ്ടെത്തൽ. കാലാനുസൃതമായി തൊഴിലവസരങ്ങൾ കണ്ടെത്തണ മെങ്കിൽ അതിനനുസൃതമായ പരിശീലനം ലഭ്യമാകണം. കേരളത്തിൽ എൻ.സി.വി.റ്റി-യുടെ കീഴിൽ 73-ഓളം ഐ.റ്റി.ഐ സ്ഥാപനങ്ങളാണ് ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. കാലാനുസൃതമായി 79-ഓളം കോഴ്സുകളിൽ പരിശീലനം നേടാൻ ഇവിടെ സൗകര്യമുണ്ട്. എ.ഐ.സി.റ്റി .ഇ.-യിൽ നിന്നോ എൻ.സി.വി.റ്റി-യിൽ നിന്നോ ഏതെങ്കിലും ഒരു കോഴ്സിന് അംഗീകാരം വാങ്ങിയിട്ട് അതിന്റെ മറവിൽ സർക്കാർ അംഗീകൃത സ്ഥാപനം എന്ന ബോർഡ്വച്ച് മൂവായിത്തിലധികം അനംഗീകൃത സ്ഥാപന ങ്ങളാണ് ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അവർ നടത്തുന്ന ഭൂരിപക്ഷം കോഴ്സുകൾക്കും ഒരംഗീകാരവും ഇല്ല. ഇവിടെ പഠി ക്കുന്ന വിദ്യാർത്ഥികൾ നിരന്തരം വഞ്ചിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ദേശീയ നേതാക്കന്മാരുടെ പേരടക്കം അതിൽ ഓരോന്നിനും ഇട്ടിരിക്കുന്നു. രാഷ്ട്രപിതാവിന്റെ പേരിൽവരെ അത്തരം സ്ഥാപനങ്ങൾ നമ്മുടെ രാജ്യത്ത് പ്രവർത്തിക്കുകയാണ്. Fire and Safety മുതൽ Lift Technology വരെ Beauty Therapy course മുതൽ Physiotherapy course വരെ ഈയിനത്തിൽ

നടത്തപ്പെടുകയാണ്. ആവശ്യമായ ലാബോ ഉപകരണങ്ങളോ അടിസ്ഥാന സൗകര്യങ്ങളോ ഇല്ലാതെ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കാൻപോലും സംവിധാനങ്ങളില്ലാതെ ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുകയാണ്. പലയിടത്തും വിദഗ്ദ്ധരായ അധ്യാപകർപോലുമില്ല. വിദേശ രാജ്യങ്ങളിൽ ജോലി ലഭ്യമാകുമെന്ന പ്രതീക്ഷയോടെ വിദ്യാർത്ഥികളെ ഇത്തരം സ്ഥാപനങ്ങളിലേയ്ക്ക് ആകർഷിക്കുകയാണ്. എന്നാൽ ഈ സ്ഥാപനങ്ങൾ നല്കുന്ന സർട്ടിഫിക്കറ്റുകൾ ഔദ്യോഗികമായി ഒരംഗീകാരവും ഇല്ലാത്തവയായതിനാൽ വിദേശരാജ്യങ്ങളിൽ പരിഗണിക്കപ്പെടുന്നില്ല. അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തിയും ഫാക്കൽറ്റി യോഗ്യത ഉറപ്പാക്കിയും സംസ്ഥാന സർക്കാരിന്റെ യുക്തിപൂർവ്വമായ ഇടപെടലുകൾ ഇത്തരം സ്ഥാപനങ്ങൾക്ക് പ്രയോജനപ്രദമാകും. സർക്കാർ നിഷ്കർഷിക്കുന്ന നിബന്ധനകൾ അംഗീകരിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ ശിക്ഷാനടപടികളെടുക്കാൻകൂടി കഴിയുന്ന വിധത്തിലായിരിക്കണം നിയമം ഉണ്ടാക്കേണ്ടത്..........

മി. സ്പീക്കർ: യെസ്.....യെസ്....... അങ്ങ് ഈ പ്രമേയം പിൻവലിക്കുന്നില്ലല്ലോ. ഒരു കാര്യം പറയാനുണ്ട്

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ അവസാനിപ്പിക്കാം കൂണുപോലെ മുളച്ചുവരുന്ന ഇത്തരം സ്ഥാപനങ്ങൾ സംസ്ഥാനത്തിന്റെ സത്പ്പേരിന് കളങ്കം വരുത്തും......... (മൈക്ക് ഓഫ്)...........

മി. സ്പീക്കർ: അങ്ങേയ്ക്ക് ചർച്ച തുടരാവുന്നതാണ്.

(ചർച്ച തുടരും)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഒരു കാര്യം, ഇവിടെ ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി കൊണ്ടുവന്ന ഈ പ്രമേയം, അത് ഗവൺമെന്റ് ആലോചിക്കുകയാണ് എന്ന് പറഞ്ഞു. . എന്തുകൊണ്ട് ഒരു സ്വകാര്യ മെമ്പർ കൊണ്ടുവരുന്ന ഒരു പ്രമേയത്തെ ബിൽ ആക്കി അവതരിപ്പിച്ചുകൂട. ഇവിടെ **1958**-ൽ Payment of Salaries and Allowance Amendment Bill നമ്മൾ പാസ്സാക്കിയിട്ടുണ്ട്. പാർലമെന്റ് 16-ഓളം സ്വകാര്യ ബില്ലുകൾ പാസ്സാക്കിയിട്ടുണ്ട്. അങ്ങയുടെ മുമ്പിൽ ഞാൻ ഈ സജഷൻ വച്ചു എന്നുമാത്രമേയുള്ളൂ. കാരണം ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച ബില്ലിന് സമാനമായി ബിൽ കൊണ്ടുവരാൻ ആലോചിക്കുന്നു എന്ന് അങ്ങ് സഭയിൽ പറഞ്ഞതുകൊണ്ടാണ് ഞാനിത് സൂചിപ്പിച്ചത്. അത് ഗവൺമെന്റിന് ആലോചിക്കാവുന്ന ഒരു കാര്യമാണ്.

ശ്രീ. ഷിബു ബേബി ജോൺ: സർ, ആ ബിൽ അന്തിമരൂപത്തിലാണ്. അതിന്റെ പ്രോസസ്സ് കഴിഞ്ഞിരിക്കുകയാണ്. സഭയിൽ അവതരിപ്പിക്കാവുന്ന നിലയിലേയ്ക്ക് എത്തിയിട്ടുണ്ട്.

മി. സ്പീക്കർ: സ്വകാര്യ ബിൽ കൊണ്ടുവരുന്നതുകൊണ്ട് അപകടമൊന്നും ഉണ്ടാവില്ല എന്ന് പറഞ്ഞെന്നേയുള്ളൂ. കാരണം കീഴ്വഴക്കങ്ങൾ നമ്മുടെ സഭയിലും, പാർലമെന്റിലുമുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, നിശ്ചയമായും ഇക്കാര്യം പരിശോധിക്കും. പ്രൈവറ്റ് മെമ്പേഴ്സ് കൊണ്ടുവരുന്ന ബിൽ സ്വീകാര്യമാണെങ്കിൽ അത് സ്വീകരിക്കരുത് എന്നുള്ള ഒരു സമീപനം ഇല്ല. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി, ബിൽ അവസാനഘട്ടത്തിലാണെന്ന് പറഞ്ഞു. തീർച്ചയായും ഇത് തമ്മിൽ ഒത്തുപോകുമെന്നുണ്ടെങ്കിൽ ആലോചിക്കാം.

മി. സ്പീക്കർ: പ്രമേയം അവതരിപ്പിച്ചയുടൻ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ഇതേ സമാനസ്വഭാവത്തിലുള്ളത് എന്നുപറഞ്ഞതുകൊണ്ടാണ് ഞാൻ ഇത് സൂചിപ്പിച്ചത്. ഇന്ന് ഈ സ്വകാര്യ മെമ്പർമാരുടെ ദിവസം പൂർണ്ണമായും പ്രയോജനപ്പെടുത്താൻ കഴിഞ്ഞു. 9 ബില്ലിനുവേണ്ടിയുള്ള പ്രമേയം ഇവിടെ അവതരിപ്പിക്കാൻ നമുക്ക് കഴിഞ്ഞു. സ്വകാര്യ മെമ്പർമാരുടെ ദിവസത്തെ പരമാവധി പ്രയോജനപ്പെടുത്താനുള്ള സന്ദർഭം എല്ലാവരും ഒരുപോലെ വിനനിയോഗിക്കണം. മുഖ്യമന്ത്രി ഉൾപ്പെടെയുള്ള അംഗങ്ങൾ ഇന്ന് വെള്ളിയാഴ്ച ആയിട്ടും ഇവിടെ ഇരുന്നു. പ്രത്യേകിച്ച് നന്ദി പറയേണ്ട കാര്യമില്ലെങ്കിൽപ്പോലും തീർച്ചയായും ഇതൊരു നല്ലൊരു അനുഭവമാണ്.

സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2012 ജൂലൈ മാസം 16-ാം തീയതി രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കുശേഷം 12-30-ന് പിരിഞ്ഞു.)

****************